ISO 9001-2015 CERTIFIED

ഗാന്ധിഭവൻ

# സ്നേഹരാജ്യം

ആഗസ്റ്റ് 2026



ഗാന്ധിഭവൻ കുടുംബത്തിന്റെ

— ഹൃദയം നിറഞ്ഞ —

## ഓണാശംസകൾ



സാന്ത്വനമേകും
കരങ്ങൾ
മേളം ഫൗണ്ടേഷൻ
40-ാം
വർഷത്തിലേക്ക്
1,64,500
നിർധനരായ രോഗികൾക്ക്
സൗജന്യ ചികിത്സാ സഹായം നൽകി
500 സ്കൂളുകളിൽ
ക്യാൻസർ ബോധവൽക്കരണം നടത്തി.
15 ലക്ഷം
നിർധനരോഗികൾക്ക്
സൗജന്യ ഉച്ചഭക്ഷണം നൽകി.
KURIAN JOHN'S
MELAM
FOUNDATION
"ജീവകാരുണ്യം ഔദാര്യമല്ല,
ഓരോ വ്യക്തിയുടേയും പ്രസ്ഥാനത്തിന്റേയും
സാമൂഹിക ധാർമ്മിക ബാധ്യതയാണ്."
പത്മശ്രീ ഡോ. കുര്യൻ ജോൺ മേളാംപറമ്പിൽ
അഖില കേരള മേളം സൗജന്യ മെഡിക്കൽ ക്യാമ്പ്
കൂടുതൽവിവരങ്ങൾക്ക് : www.melamfoundation.org

ഗാന്ധിഭവൻ
സ്നേഹരാജ്യം
ISO 9001 : 2015 Certified
ആഗസ്റ്റ് 2026 | പുസ്തകം 21 | ലക്കം 4

# ഉൾപ്പേജുകളിൽ


09
**സഫലമീ ജീവിതം**
എസ്. ശ്രീകാന്ത് അയ്മനം

12
**സോഹൻ റോയ്**

16
**കേൾക്കാനൊരാൾ**
ബൃന്ദ

22
കവിത
**മുഖങ്ങൾ**
പകൽക്കുറി വിശ്വൻ

29
**ശബ്ദം തേടിപ്പോയ മനുഷ്യൻ**
സ്നേഹരാജ്യം ബ്യൂറോ

30
ബാലരാജ്യം
**ഒരു മഹാ ഗായകന്റെ ഉദയം**
സിപ്പി പള്ളിപ്പുറം

32
ആരോരുമില്ലാത്തവർക്ക് അഭയം നൽകുന്ന ആൽമരമാണ് ഗാന്ധിഭവൻ

33
ഗാന്ധിഭവൻ വാർത്ത

41
**അമേരിക്കൻ സംഘം ഗാന്ധിഭവനിൽ**

42
**ഫോട്ടോ കോർണർ**

**വരരുചി**
പാച്ചൻ കൊട്ടിയം

06

ഓണം
**ഡിജിറ്റൽ കാലത്തെ ആത്മവിചാരണവും മാനവികതയുടെ വീണ്ടെടുപ്പും**

18
**ജഗദീഷ്**
നായകനോ വില്ലനോ ?


26
**ലോക സമസ്താ സുഖിനോ ഭവന്തു**





കവർ : പത്മശ്രീ എം.എ. യൂസഫലിയും
പുനലൂർ സോമരാജനും
ഫോട്ടോ : ബിനോയ് പുനലൂർ

Since 1981

# CB emmporium

NOORANAD | THIRUVALLA

BRANCHES : MAHE | DUBAI

96568 20002 81398 88446



Kerala's Biggest

Jaquar

Sanitary Ware

Showroom

ഇവിടെ എല്ലാം
ഓൺലൈൻ
വിലയേക്കാൾ
കുറവ്

Jaquar JOHNSON BATHWARE GROHE HAVELLS Crompton BOSCH legrand FINOLEX PIPES & FITTINGS

ഗാന്ധിഭവൻ
സ്നേഹരാജ്യം

എക്സിക്യൂട്ടീവ് പേട്രൺ
ടി.കെ.എ. നായർ
മുൻ പ്രധാനമന്ത്രിയുടെ
പ്രിൻസിപ്പൽ സെക്രട്ടറി

മുഖ്യ രക്ഷാധികാരി
കെ. മുരളീധരൻ
മുരളിയ ഫൗണ്ടേഷൻ

മാനേജിംഗ് എഡിറ്റർ
ഡോ. പുനലൂർ സോമരാജൻ

ചീഫ് എഡിറ്റർ
പി.എസ്. അമൽരാജ്

സ്പെഷ്യൽ കറസ്പോണ്ടന്റ്
കല്ലമ്പള്ളി കൃഷ്ണൻ നായർ

ജനറൽ എഡിറ്റർ
പല്ലിശ്ശേരി

ചീഫ് ജനറൽ മാനേജർ
വിജയൻ ആമ്പാടി

ജനറൽ മാനേജർ (പരസ്യ വിഭാഗം)
കെ. സാബു

കവർ ഡിസൈൻ & പേജ് ലേ-ഔട്ട്
അരവിന്ദ് എസ്.

എഡിറ്റോറിയൽ ഓഫീസ്
ഗാന്ധിഭവൻ സ്നേഹരാജ്യം
പത്തനാപുരം, കൊല്ലം-689695
ഫോൺ : 0475 2350099, 9605073000
ഇ-മെയിൽ: sneharajyam@gmail.com

Follow us on
sneharajyam sneharajyam

ലേഖകരുടെ അഭിപ്രായങ്ങൾ സ്നേഹരാജ്യത്തിന്റേതായിക്കൊള്ളണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും



# ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയ്ക്ക്

പ്രളയദുരന്തം ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ ഭയാശങ്കകളിൽ ഒന്നായി മാറിയിരിക്കുന്നു.

ചിലപ്പോൾ കാലം തെറ്റിവരികയും പ്രകൃതി യാതൊരു മുന്നറിയിപ്പു ലക്ഷണങ്ങൾ കാണിക്കാതെ ചെയ്യുകയും ചെയ്യുന്ന അവസ്ഥ ദുരന്തങ്ങളുടെ ആഴവും കഷ്ടനഷ്ടങ്ങളും അതിരറ്റതാകുന്നു.

നിരന്തരമായി ഉരുൾപൊട്ടുന്ന ഇടങ്ങൾ, മണ്ണിടിച്ചിലുണ്ടാകുന്ന സ്ഥലങ്ങൾ, വെള്ളപ്പൊക്കം ഉണ്ടാകുന്ന താഴ്‌വരകൾ ഇവയൊക്കെ മുൻകൂട്ടി നിശ്ചയിക്കപ്പെടണം. അതിനെല്ലാം ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തണം.

പലപ്പോഴും ദുരിതങ്ങളും ദുരന്തങ്ങളും ഉണ്ടാകുമ്പോൾ മാത്രം ജാഗ്രതയാകുന്ന സമൂഹമാണ് നമ്മൾ. എന്നാൽ, ഇതെല്ലാം കാലമാറ്റമനുസരിച്ച് സംഭവിച്ചുകൊണ്ടിരിക്കുന്നതാണെന്ന് നമ്മൾക്കറിയാം. അതു മനസ്സിലാക്കി, നമ്മുടെ സംവിധാനങ്ങളും പ്രവൃത്തികളും മുൻകൂട്ടി പ്രതിരോധങ്ങളും മുൻകരുതലുകളും എന്തുകൊണ്ട് നമുക്കു സാദ്ധ്യമാകുന്നില്ല എന്നത് നാം ചിന്തിക്കേണ്ടതില്ലേ?

നമുക്കു നഷ്ടപ്പെട്ട പാടങ്ങൾ, കുളങ്ങൾ, ചെറുതോടുകൾ, ജലസംഭരണികൾ, എവിടെയെങ്കിലും ബാക്കിയുണ്ടെങ്കിൽ അവയെല്ലാം കണ്ടെത്തി സംരക്ഷിച്ചാൽ അതിനെ കൃത്യമായി പരിപാലിച്ചാൽ നമുക്കു ആവശ്യമായ ജലം സംരക്ഷിക്കുവാനും ഒഴുകിപോകേണ്ടത് തടസ്സമില്ലാതെ ഒഴുകിപോകാനും സൗകര്യം ഉണ്ടെങ്കിൽ ആശ്വാസമാവില്ലെ!

ഇത്തരം സംരക്ഷണ പരിപാടികൾക്കായി നമ്മുടെ തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തികൂടെ? നമ്മുടെ നദികൾ, തോടുകൾ, ഡാമുകൾ അടക്കമുള്ള ജലാശയങ്ങൾ ഇവിടങ്ങളിലെല്ലാം മണൽ നിക്ഷേപങ്ങൾ... അനേക ലക്ഷം ടണ്ണുകൾ കാണുമല്ലൊ? ഇത് ശ്രദ്ധാപൂർവ്വം നിർമ്മാണപ്രവർത്തനങ്ങൾക്കായി വിറ്റാൽ ഒരു വലിയ പ്രോജക്ട് നടപ്പിലാക്കാനുള്ള ധനം ഇതിലൂടെ സമ്പാദിക്കാൻ കഴിഞ്ഞേക്കും... പക്ഷേ, ഇത് നടപ്പാക്കുമ്പോൾ കേരള ഹൈക്കോടതിയിൽ വിരമിച്ച ഒരു ടീം ജസ്റ്റിസുമാരുടെ പാനലിനെ അനുമതി നൽകാനും നിയന്ത്രിക്കാനും ഇതിന്റെ കണക്കുകൾ പരിശോധിക്കാനും ചുമതലപ്പെടുത്തിയാൽ യാതൊരു അഴിമതിയും ഉണ്ടാകാനിടയാകാതെ പൂർണ്ണമായ തുകയും സർക്കാർ ഖജനാവിലെത്തുമെന്ന് നമുക്ക് പ്രത്യാശിക്കാൻ കഴിയും. മറ്റൊന്ന്-പരിസ്ഥിതി ദുർബ്ബലപ്രദേശങ്ങളിൽ ഭവനങ്ങൾ നിർമ്മിക്കേണ്ടിവന്നാൽ, അത് ചിലവു കുറഞ്ഞതും പ്രകൃതിക്ഷോഭങ്ങളെ പ്രതിരോധിക്കാൻ കഴിയുന്നതുമായ സൗകര്യങ്ങളും സാങ്കേതികത്വവും ഉള്ളതായിരിക്കുകയും ചെയ്താൽ ഇതിലൂടെ ആരുടേയും ജീവൻ നഷ്ടപ്പെടാതെ സംരക്ഷിക്കാൻ നമുക്കു കഴിയില്ലേ?

സ്നേഹാദരപൂർവ്വം,

പുനലൂർ സോമരാജൻ
മാനേജിംഗ് ട്രസ്റ്റി, ഗാന്ധിഭവൻ
9605097000



# ഓണം

## ഡിജിറ്റൽ കാലത്തെ ആത്മവിചാരണവും മാനവികതയുടെ വീണ്ടെടുപ്പും

മഹാബലി എന്ന സങ്കൽപ്പം ഒരു ഭരണാധികാരിയുടെ കഥ മാത്രമല്ല, മറിച്ച് വംശീയതയും ജാതീയതയും സാമ്പത്തിക അസമത്വങ്ങളുമില്ലാത്ത ഒരു സോഷ്യലിസ്റ്റ് ദർശനത്തിന്റെ പ്രകടനപത്രികയാണ്. അധികാരത്തിന്റെയോ സമ്പത്തിന്റെയോ അഹങ്കാരമല്ല, മറിച്ച് പ്രജകളോടുള്ള അചഞ്ചലമായ നീതിബോധവും കാരുണ്യവുമാണ് അയാളെ അമരനാക്കിയത്.

മുറ്റത്ത് വിരിയുന്ന പൂക്കളുടെ വർണ്ണപ്പൊലിമയ്ക്കും അട്ടഹാസങ്ങളില്ലാത്ത ഒത്തുചേരലുകൾക്കും അപ്പുറം, ഓരോ ഓണക്കാലവും ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ആഴമേറിയ ഒരു ആത്മവിചാരണയാണ്. തുമ്പപ്പൂവിന്റെ സുഗന്ധവും സദ്യവട്ടങ്ങളുടെ സമൃദ്ധിയും കടന്നുപോകുന്ന താൽക്കാലിക ഉത്സവക്കാഴ്ചകൾ മാത്രമല്ല; മറിച്ച്, വേഗതയേറിയ ഈ ആധുനിക ലോകത്ത് നാം എവിടെയൊക്കെയാണ് വഴിതെറ്റിപ്പോയതെന്ന് ചിന്തിക്കാനുള്ള ഒരു വിരാമചിഹ്നമാണ് ഓണം. 'സ്നേഹരാജ്യം' വായനക്കാരുമായി ഈ തിരുവോണനാളിൽ സംവദിക്കുമ്പോൾ, കേവലമൊരു ആഘോഷചരിത്രത്തിനപ്പുറം, കാലം നമ്മുടെ മുന്നിൽ ഉയർത്തുന്ന ചില ദാർശനിക ചോദ്യങ്ങളെ അഭിമുഖീകരിക്കേണ്ടതുണ്ട്.

നമ്മൾ ജീവിക്കുന്നത് സമാനതകളില്ലാത്ത പരിവർത്തനങ്ങളുടെയും അസ്ഥിരതകളുടെയും ഒരു ആഗോള പശ്ചാത്തലത്തിലാണ്. ഒരു വശത്ത് പശ്ചിമേഷ്യയിലെയും യൂറോപ്പിലെയും യുദ്ധമുഖങ്ങളിൽ മനുഷ്യജീവനുകൾ പിടഞ്ഞുതീരുമ്പോൾ, മറുവശത്ത് ആഗോള സാമ്പത്തിക മാന്ദ്യവും കാലാവസ്ഥാവ്യതിയാനങ്ങളും ഭൂമിയുടെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്നു. ഇതിനെല്ലാമപ്പുറം, 'നിർമ്മിതബുദ്ധി' (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) മനുഷ്യന്റെ ചിന്താശേഷിയെയും സർഗ്ഗാത്മകതയെയും തൊഴിലിടങ്ങളെയും പുനർ നിർവ്വചിച്ചുകൊണ്ടിരിക്കുകയാണ്. ശാസ്ത്രസാങ്കേതികവിദ്യയുടെ ഈ കുതിച്ചുചാട്ടം മനുഷ്യന് അപാരമായ സാദ്ധ്യതകൾ നൽകുമ്പോഴും, അത്രതന്നെ ഗൗരവമുള്ളൊരു ചോദ്യം അവശേഷിക്കുന്നു. സാങ്കേതികമായി നാം കൈവരിക്കുന്ന ഈ പുരോഗതിക്കൊപ്പം, മനുഷ്യത്വത്തിന്റെ കാര്യത്തിൽ നാം ഒരുപടി മുന്നോട്ട് പോയോ അതോ പിന്നോട്ട് നടക്കുകയാണോ?

ഇന്ന് നാം ജീവിക്കുന്നത് 'ഹൈപ്പർ-കണക്റ്റഡ്' ആയ, എന്നാൽ അതിതീവ്രമായി ഒറ്റപ്പെട്ടുപോയ ഒരു സമൂഹത്തിലാണ്. വിരൽത്തുമ്പിൽ ലോകത്തെമ്പാടുമുള്ള മനുഷ്യരുമായി ബന്ധപ്പെടാൻ നമുക്ക് സാധിക്കുന്നുണ്ടെങ്കിലും,



**കെ. മുരളീധരൻ- മുരളിയ**



ഇന്ന് നാം ജീവിക്കുന്നത് 'ഹൈപ്പർ-കണക്റ്റഡ്' ആയ, എന്നാൽ അതിതീവ്രമായി ഒറ്റപ്പെട്ടുപോയ ഒരു സമൂഹത്തിലാണ്. വിരൽത്തുമ്പിൽ ലോകത്തെമ്പാടുമുള്ള മനുഷ്യരുമായി ബന്ധപ്പെടാൻ നമുക്ക് സാധിക്കുന്നുണ്ടെങ്കിലും, തൊട്ടടുത്തുള്ളവന്റെ വേദന തിരിച്ചറിയാൻ നമ്മുടെ ഹൃദയങ്ങൾക്ക് കഴിയുന്നില്ല

തൊട്ടടുത്തുള്ളവന്റെ വേദന തിരിച്ചറിയാൻ നമ്മുടെ ഹൃദയങ്ങൾക്ക് കഴിയുന്നില്ല. ഭൗതികസൗകര്യങ്ങൾ വർദ്ധിച്ചപ്പോഴും വിഷാദവും ഏകാന്തതയും അപരവിദ്വേഷവും സമൂഹത്തിൽ പടരുകയാണ്. സ്മാർട്ട് സിറ്റികളും വേഗതയേറിയ ഇന്റർനെറ്റും നിർമ്മിക്കുന്ന നമ്മൾ, മനുഷ്യർക്കിടയിൽ പരസ്പരവിശ്വാസത്തിന്റെയും കാരുണ്യത്തിന്റെയും പാലങ്ങൾ പണിയാൻ മറന്നുപോകുന്നു. ഇവിടെയാണ് മഹാബലിയുടെ ഐതിഹ്യം കേവലമൊരു പുരാവൃത്തമല്ലാതായി മാറുന്നത്. മഹാബലി എന്ന സങ്കൽപ്പം ഒരു ഭരണാധികാരിയുടെ കഥ മാത്രമല്ല, മറിച്ച് വംശീയതയും ജാതീയതയും സാമ്പത്തിക അസമത്വങ്ങളുമില്ലാത്ത ഒരു സോഷ്യലിസ്റ്റ് ദർശനത്തിന്റെ പ്രകടനപത്രികയാണ്. അധികാരത്തിന്റെയോ സമ്പത്തിന്റെയോ അഹങ്കാരമല്ല, മറിച്ച് പ്രജകളോടുള്ള അചഞ്ചലമായ നീതിബോധവും കാരുണ്യവുമാണ് അയാളെ അമരനാക്കിയത്. എല്ലാ പൂക്കളും ചേരുമ്പോഴാണ് ഒരു പൂക്കളം മനോഹരമാകുന്നത് എന്നതുപോലെ, വൈവിദ്ധ്യങ്ങളെ ആദരിക്കുകയും ബഹുസ്വരതയെ സംരക്ഷിക്കുകയും ചെയ്യുമ്പോഴാണ് ഒരു സമൂഹം ജീവസ്സുറ്റതാകുന്നത്.

ഈ സന്ദേശം ഏറ്റവും കൂടുതൽ ഉൾക്കൊള്ളേണ്ടത് നമ്മുടെ യുവതലമുറയാണ്. അറിവിന്റെയും ആഗോള സാദ്ധ്യതകളുടെയും പ്രപഞ്ചം ഇന്ന് അവരുടെ മുന്നിൽ തുറന്നുകിടക്കുന്നുണ്ട്. എന്നാൽ, "സ്വഭാവശുദ്ധി ഇല്ലാത്ത അറിവ് സമൂഹത്തിന് ഒരു ശാപമാണ്" എന്ന ദർശനം നാം വിസ്മരിച്ചുകൂടാ. കേവലമായ തൊഴിൽവിജയങ്ങൾക്കപ്പുറം, മാനുഷിക മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു ജീവിതവീക്ഷണം യുവത്വം വളർത്തിയെടുക്കണം. സാങ്കേതികവിദ്യയ്ക്ക് നിങ്ങളുടെ ജീവിതം എളുപ്പമാക്കാൻ കഴിഞ്ഞേക്കും, എന്നാൽ അതിന് ഒരിക്കലും സ്നേഹത്തിന്റെയോ അനുകമ്പയുടെയോ പകരക്കാരനാകാൻ കഴിയില്ല. നമുക്കാവശ്യം സ്വന്തം കരിയർ കെട്ടിപ്പടുക്കുന്നവർ മാത്രമല്ല, മറിച്ച് സഹജീവികൾക്ക് കൂടി തണലാകാൻ കഴിയുന്ന സംരംഭകരെയും ചിന്തകരെയും കർഷകരെയുമാണ്.



കേരളത്തിന്റെ ചരിത്രം അതിജീവനത്തിന്റേതാണ്. പ്രകൃതിക്ഷോഭങ്ങളും മഹാമാരികളും നമ്മെ ഉലച്ചപ്പോഴൊക്കെയും ലോകമെമ്പാടുമുള്ള മലയാളി സമൂഹം കാട്ടിയ ഉദാരതയും പരസ്പരസ്നേഹവും പ്രശംസനീയമാണ്. എന്നാൽ, ഇനി വരുന്ന നാളുകളിൽ നമ്മുടെ വികസനക്കാഴ്ചപ്പാടുകൾ കൂടുതൽ പ്രകൃതിസൗഹൃദപരമാകണം. സമീപകാലത്തുണ്ടായ പ്രകൃതിദുരന്തങ്ങൾ പ്രകൃതി നമുക്ക് നൽകുന്ന ശക്തമായ മുന്നറിയിപ്പുകളാണ്. സുസ്ഥിര വികസനം എന്നത് ഇനി ഒരു തർക്കവിഷയമല്ല, മറിച്ച് നമ്മുടെ നിലനിൽപ്പിന്റെ ആവശ്യമാണ്.

വിജയത്തിന്റെ അളവുകോൽ നാം സമ്പാദിച്ചുകൂട്ടുന്ന ഭൗതികവസ്തുക്കളല്ല, മറിച്ച് എത്രപേരുടെ ജീവിതത്തിൽ പ്രത്യാശയുടെ വെളിച്ചം പകരാൻ നമുക്ക് കഴിഞ്ഞു എന്നതിലാണ്. ഈ ഓണക്കാലം കേവലമൊരു വാർഷികാഘോഷം മാത്രമായി അവസാനിക്കരുത്. മറിച്ച്, കൂടുതൽ കരുണയുള്ള, കൂടുതൽ പരസ്പര ബഹുമാനമുള്ള, സഹജീവികളുടെ കണ്ണീരൊപ്പാൻ സന്നദ്ധതയുള്ള ഒരു പുതിയ മനുഷ്യനായി പുനർജനിക്കാനുള്ള ആഹ്വാനമാകട്ടെ ഇത്.

'സ്നേഹരാജ്യം' വായനക്കാർക്കും ലോകമെമ്പാടുമുള്ള എല്ലാ മലയാളികൾക്കും സ്നേഹവും സമാധാനവും നിറഞ്ഞ തിരുവോണാശംസകൾ നേരുന്നു. നമ്മുടെ ചിന്തകളിൽ വിവേകവും ഹൃദയങ്ങളിൽ കാരുണ്യവും പ്രവർത്തികളിൽ സേവനസന്നദ്ധതയും നിറയട്ടെ.

ശുഭകരമായ ഓണാശംസകളോടെ |

INDIA'S BIGGEST SHOWROOM & BRANDED COLLECTIONS

CHAITHANYA MARBLES
ANCHAL · SINCE 1998 · ADOOR

♦വിശ്വസ്തത ♦ഗുണമേൻമ ♦വിലക്കുറവ്

# ചൈതന്യ മാർബിൾസ്

## അഞ്ചൽ & അടൂർ

PH: 0475 2275999, 04734 220121

www.chaithanyamarbles.com

Kajaria TRANSFORM YOUR WORLD | SOMANY | Simpolo ceramics | RAK CERAMICS

JOHNSON Not just tiles, Lifestyles. | CERA Reflects your style | FABER | Jaquar



**അമ്മയുടെ ഷഷ്ഠിപൂർത്തി ആഘോഷിക്കാൻ വീട്ടിലെത്താൻ ഒരുങ്ങുമ്പോഴാണ് അച്ഛന്റെ മരണവാർത്ത വരുന്നത്. അന്ന് നേവിയുടെ ഫ്ളൈറ്റിലാണ് ഞാൻ വീട്ടിൽ വരുന്നത്. ആ വരവോടെ ജീവിതം മാറിമറിഞ്ഞു. പിന്നീട് നേവിയിലെ ജോലിക്ക് പോകാനായില്ല. ഗോവയിലെ ജോലിക്ക് തിരികെ പോകാൻ സാധിക്കാതെ വന്നപ്പോഴാണ് എഴുത്തുകാരൻ കോട്ടയംകാരൻ ജോസഫ് കുന്നശ്ശേരിയുടെ പ്രസ്സിൽ ഒരു ഫ്രീലാൻഡ് ജേർണലിസ്റ്റായി ജോലി ചെയ്തത്.**



**എസ്. ശ്രീകാന്ത് അയ്മനം**

# സഫലമീ ജീവിതം

കോട്ടയം ജില്ലയിലെ കിളിരൂർ എന്ന പ്രകൃതിഭംഗിയുള്ള കൊച്ചു ഗ്രാമത്തിൽ നിന്നും എഴുത്തിന്റെ വലിയ ലോകത്തേക്ക് നടന്നു കയറിയ വ്യക്തി. നോവലുകൾ, വിവർത്തനങ്ങൾ, തൊണ്ണൂറിലധികം ബാല സാഹിത്യ കൃതികളടക്കം നൂറ്റിമുപ്പത് പുസ്തകങ്ങൾ എഴുതുകയും ഡി.സി. ബുക്സിന്റെ ജനറൽ മാനേജരായി പ്രവർത്തിക്കുകയും ചെയ്ത മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ കിളിരൂർ രാധാകൃഷ്ണൻ തന്റെ എഴുത്തനുഭവം പങ്കുവയ്ക്കുന്നു.

**? അങ്ങ് എഴുത്തിലേക്ക് വന്ന വഴിയെക്കുറിച്ച് വിശദമാക്കാമോ?**

ചെറുപ്പം മുതലേ ഞാൻ കഥകൾ എഴുതിയിരുന്നു. അത് അധികമാർക്കും അറിയാമായിരുന്നില്ല. വീട്ടിൽ അച്ഛനും അമ്മയും നന്നായി വായിക്കുമായിരുന്നു. സി. രാധാകൃഷ്ണന്റെ 'നിഴൽപാടുകൾ' നോവൽ മാതൃഭൂമിയിൽ വന്നിരുന്ന സമയത്തൊക്കെ അതിനെക്കുറിച്ച് ചർച്ച ചെയ്യുമായിരുന്നു. അങ്ങനെ വായനയുടെ ഒരന്തരീക്ഷം വീട്ടിൽ ഉണ്ടായിരുന്നു. അതെന്നെ സ്വാധീനിച്ചിരിക്കണം. പത്താം തരം പരീക്ഷയുടെ തലേന്ന് പോലും ഞാൻ കഥകൾ വായിച്ചിരുന്നു. വായനയോട് വലിയ ഇഷ്ടമുണ്ടായിരുന്നു.

**? ആദ്യ കഥയെക്കുറിച്ച് ഒന്ന് പറയാമോ?**

ഗോവയിൽ നേവിയിൽ ജോലി കിട്ടി പോയ സമയത്താണ് ആദ്യ കഥ പ്രസിദ്ധീകരിക്കുന്നത്. ഒരു ദിവസം ഞാൻ ജോലി കഴിഞ്ഞ് വന്നശേഷം പെട്ടിയിൽ നിന്നും കുറച്ച് പേപ്പറുകളെടുത്ത് വായിക്കുന്നത് സുഹൃത്തുക്കൾ കാണാനിടയായി. അത് വല്ല പ്രേമലേഖനവുമാണോ എന്ന് കരുതിയ അവർ വാങ്ങി വായിച്ച് നോക്കി. വായിച്ച

പ്പോൾ നല്ലൊരു കഥയാണെന്ന് അവർക്ക് മനസ്സിലായി. അങ്ങനെ കൂട്ടുകാരുടെ നിർബന്ധപ്രകാരം മലയാളരാജ്യം ചിത്രവാരികയിലേക്ക് ആദ്യ കഥ അയച്ചു. കഥ അയച്ച് കുറച്ചു ദിവസം കഴിഞ്ഞപ്പോൾ പത്രാധിപരുടെ കത്ത് പോസ്റ്റ് കാർഡായി വന്നു. താങ്കളുടെ കഥ കിട്ടി അത് ഉടൻ പ്രസിദ്ധീകരിക്കും എന്ന് 'മഞ്ഞതുമ്പി' എന്നായിരുന്നു കഥയുടെ പേര്.

**? അതിന് ശേഷം എഴുത്ത് ഗൗരവമായി എടുത്തുവോ?**

മഞ്ഞതുമ്പി എന്ന കഥ വായിച്ച ശേഷം, പ്രിയ സുഹൃത്തേ എന്ന സംബോധനയോടെ അച്ഛന്റെ ഒരു കത്ത് വന്നു. കഥ ചിത്രവാരികയിൽ വായിച്ചെന്നും കഥ മനോഹരമായിട്ടുണ്ടെന്നും അതുവരെയുള്ള പ്രേമസങ്കല്പകഥകളിൽ നിന്നും വ്യത്യസ്തമാണെന്ന് പറഞ്ഞുള്ളതായിരുന്നു അത്. ആ കത്ത് എനിക്ക് കിട്ടിയ വലിയ ഒരവാർഡായിരുന്നു. അമ്മയുടെ ഷഷ്ഠിപൂർത്തി ആഘോഷിക്കാൻ വീട്ടിലെത്താൻ ഒരുങ്ങുമ്പോഴാണ് അച്ഛന്റെ മരണവാർത്ത വരുന്നത്. അന്ന് നേവിയുടെ ഫ്ളൈറ്റിലാണ് ഞാൻ വീട്ടിൽ വരുന്നത്. ആ വരവോടെ ജീവിതം മാറിമറിഞ്ഞു. പിന്നീട് നേവിയിലെ ജോലിക്ക് പോകാനായില്ല. ഗോവയിലെ ജോലിക്ക് തിരികെ

**ഡി.സി. ബുക്സിൽ ജനറൽ മാനേജരായിരുന്ന കാലത്ത് കോഴിക്കോട് ബേപ്പൂര് ബഷീറിനെ കാണാൻ പോയിരുന്നു. വലിയ ഗൗരവത്തോടെയാണ് ഇരിപ്പ്. ഞാൻ അടുത്ത് ചെന്ന് വന്ന കാര്യം പറഞ്ഞ് പുസ്തകത്തിന്റെ റോയൽറ്റി നൽകി തിരികെ പോരാൻ തിരിയുമ്പോൾ ബഷീർ നീട്ടി വിളിച്ചു 'രാധാകൃഷ്ണാ' നായരാല്ലേ? എന്ന് ചോദിച്ച് അദ്ദേഹം സൗഹൃദത്തോടെ ചിരിച്ചു.**




പോകാൻ സാധിക്കാതെ വന്നപ്പോഴാണ് എഴുത്തുകാരൻ കോട്ടയംകാരൻ ജോസഫ് കുന്നശ്ശേരിയുടെ പ്രസ്സിൽ ഒരു ഫ്രീലാൻഡ് ജേർണലിസ്റ്റായി ജോലി ചെയ്തത്. ആ സമയത്താണ് കോട്ടയം പുഷ്പനാഥിനെ പരിചയപ്പെടുന്നത്.

**? കവിത എന്നൊരു പ്രസ്സ് തുടങ്ങിയിരുന്നല്ലോ, അതിലേക്ക് വന്നതിനെക്കുറിച്ച് വിശദമാക്കാമോ?**

കവിത പ്രസ്സ് കോട്ടയം ബോട്ട് ജെട്ടി റോഡിലാണ് തുടങ്ങിയത്. ഞാനും ജോസഫ് കുന്നശ്ശേരിയും ചേർന്നാണ് പ്രസ്സ് നടത്തിയത്. ഏഴ് വർഷം പ്രസ്സ് കൊണ്ടുപോയി. അതിൽ നിന്നും വലിയ മെച്ചമൊന്നും ഉണ്ടായില്ല. പുഷ്പനാഥിന്റെ നോവൽ അച്ചടിച്ചു വന്നു. അന്ന് ചങ്ങനാശ്ശേരിയിൽ നിന്നും രാമചന്ദ്ര പൈ എന്ന അദ്ധ്യാപകൻ കേരള ഡൈജസ്റ്റ് ഇറക്കിയിരുന്നു. ധാരാളം കോപ്പികൾ ഇറങ്ങിയിരുന്നെങ്കിലും വലിയ സാമ്പത്തികമൊന്നും അതിൽ നിന്നും അദ്ദേഹത്തിന് ലഭിച്ചിരുന്നില്ല. നഷ്ടം വന്ന് പ്രസിദ്ധീകരണം നിന്നപ്പോൾ അദ്ദേഹത്തിൽ നിന്നും ഞങ്ങൾ അത് ചോദിച്ചു വാങ്ങി അദ്ദേഹം പണമൊന്നും വാങ്ങാതെയാണ് കേരള ഡൈജസ്റ്റ് എന്ന ആ പേര് തന്നത്. കവിത എന്ന ഞങ്ങളുടെ പ്രസ്സിൽ നിന്നും പന്ത്രണ്ട് ലക്കം ഡൈജസ്റ്റ് ഇറക്കിയെങ്കിലും വലിയ മെച്ചം അതിൽനിന്നും ഞങ്ങൾക്ക് കിട്ടിയില്ല. തകഴി ശിവശങ്കരപിള്ളയും, മഹാകവി പി. കുഞ്ഞിരാമൻ നായരും അവിടെ വന്നിട്ടുണ്ട്.

**? മലയാളത്തിലെ എഴുത്തുകാരുമായൊക്കെ വലിയ അടുപ്പം സൂക്ഷിച്ചിരുന്നല്ലോ, അതിനെക്കുറിച്ച്?**

മലയാളത്തിലെ എഴുത്തുകാരുമായെല്ലാം എനിക്ക് വലിയ ആത്മബന്ധം ഉണ്ടായിരുന്നു. ബഷീർ, മാധവിക്കുട്ടി, തകഴി, എം.ടി., പുനത്തിൽ, ടി. പത്മനാഭൻ, സി. രാധാകൃഷ്ണൻ, കാക്കനാടൻ, മുകുന്ദൻ, പി. കുഞ്ഞിരാമൻ നായർ, കുഞ്ഞുണ്ണി മാഷ് തുടങ്ങി നിരവധി പേരുമായി വലിയ അടുപ്പം ഉണ്ടായിരുന്നു. അതിൽ ബഷീറുമായുള്ള സ്നേഹബന്ധം ഒരച്ഛനും മകനും പോലെയായിരുന്നു. ഡി.സി. ബുക്സിൽ ജനറൽ മാനേജരായിരുന്ന കാലത്ത് കോഴിക്കോട് ബേപ്പൂർ ബഷീറിനെ കാണാൻ പോയിരുന്നു. വലിയ ഗൗരവത്തോടെയാണ് ഇരിപ്പ്. ഞാൻ അടുത്ത് ചെന്ന് വന്ന കാര്യം പറഞ്ഞ് പുസ്തകത്തിന്റെ റോയൽറ്റി നൽകി തിരികെ പോരാൻ തിരിയുമ്പോൾ ബഷീർ നീട്ടി വിളിച്ചു 'രാധാകൃഷ്ണാ' നായരാല്ലേ? എന്ന് ചോദിച്ച് അദ്ദേഹം സൗഹൃദത്തോടെ ചിരിച്ചു. അതുവരെയുണ്ടായിരുന്ന ഗൗരവം വിട്ട് അദ്ദേഹം ഇടപെട്ടു. പിന്നീട് കോഴിക്കോട് ചെല്ലുമ്പോഴൊക്കെ ഞാൻ പോയി ബഷീറിനെ കാണും. ഇടയ്ക്ക് കത്തുകൾ എഴുതും അതിൽ ഫലിത രൂപേണ ഡിങ്കു ഡെങ്കു എന്നൊക്കെ എഴുതിവയ്ക്കും. ഫലിതം അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നല്ലോ.

**? ജീവിതത്തിൽ വലിയ ആഗ്രഹം എന്തെങ്കിലും ഉണ്ടായിരുന്നോ?**

എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹം മലയാളത്തിലെ എഴുത്തുകാരെ ഒന്ന് കാണുക, പരിചയപ്പെടുക എന്നതായിരുന്നു. മാധവിക്കുട്ടി ചേച്ചിയുമായും നല്ല സൗഹൃദം ഉണ്ടായിരുന്നു. അതേപോലെ ഗുരു



നിത്യ ചൈതന്യയതിയുമായും അടുപ്പമുണ്ടായിരുന്നു. സി. രാധാകൃഷ്ണൻ എനിക്ക് ചേട്ടനെ പോലെയാണ്. പപ്പേട്ടൻ എന്ന കഥയുടെ കുലപതി ടി. പത്മനാഭനുമായെല്ലാം നല്ല ബന്ധം ഉണ്ടായിരുന്നു. ഇതിലേക്ക് എന്നെ എത്തിച്ചത് പുസ്തകപ്രസാധന രംഗത്തെ അതികായൻ ഡി.സി. കിഴക്കേമുറിയാണ്.

**? ഡി.സി. കിഴക്കേമുറിയുമായുള്ള ബന്ധം എങ്ങനെയായിരുന്നു?**

യാദൃശ്ചികം എന്നോണം സംഭവിച്ചതാണ് അദ്ദേഹവുമായുള്ള ബന്ധം. കാലം ചിലതൊക്കെ നമ്മെ കൊണ്ട് ചെയ്യിക്കാൻ തീരുമാനിച്ച പോലെ വന്നുചേർന്നതാണ് ആ വലിയ നിയോഗം. താഴ്ത്തങ്ങാടിയിൽ നിന്നും ഒരു വീക്കിലി ഇറങ്ങിയിരുന്നു, അതിൽ ജോലി ചെയ്യുന്ന സമയത്താണ് ഡി.സി. കിഴക്കേമുറിയെ കാണാനുള്ള അവസരം ഒരുങ്ങുന്നത്. ആർട്ടിസ്റ്റ് അശോകൻ എന്റെ സുഹൃത്താണ്. ബഷീറിന്റെയും പുനത്തിൽ കുഞ്ഞബ്ദുള്ളയുടെയുമൊക്കെ പുസ്തകത്തിന്റെ കവർ വരച്ചിരുന്നത് അദ്ദേഹമാണ്. ഒരു ദിവസം അദ്ദേഹം വന്ന് എന്നോട് പറഞ്ഞു, ഡി.സി. കിഴക്കേമുറി സാറിനെ ചെന്ന് കാണണമെന്ന്. ഒരു വർഷം 15 ലക്ഷം രൂപാ വരുമാനം ഉണ്ടാക്കണം എന്നുള്ള ഒരു ടാർജറ്റ് വച്ചു. അങ്ങനെ ഞങ്ങൾ ജീവനക്കാരുടെ നിരന്തര പരിശ്രമം കൊണ്ട് വാർഷിക വരുമാനം കൂടി. പുസ്തകങ്ങൾ നിരവധി പുറത്തുവന്നു. വി.ഐ.പി. കാർഡ് എന്ന പുതിയ രീതി കൊണ്ടുവന്നു.

**? ഗുരു നിത്യ ചൈതന്യയതിയുടെ പുസ്തകം ഡി.സി. ബുക്സ് ആണല്ലോ പ്രസിദ്ധീകരിച്ചത്. ഗുരുവുമായുള്ള അനുഭവം പറയാമോ?**

തുടക്കത്തിലെ ഗുരുവിന്റെ പുസ്തകങ്ങൾക്ക് വളരെ പ്രചാരം ലഭിച്ചു. അങ്ങനെ ഒരു ദിവസം ഞാൻ ഗുരുവിനെ കാണാൻ ഫേൺ ഹില്ലിൽ പോയി. ഗുരുവിനെ കണ്ടു സംസാരിച്ചു. പോകാൻ നേരം ഗുരു അദ്ദേഹത്തിന്റെ പച്ചക്കറി തോട്ടത്തിൽ നിന്നും ഇഷ്ടമുള്ളതൊക്കെ പറിച്ച് എടുത്തുകൊള്ളാൻ പറഞ്ഞു. അങ്ങനെ ആ തോട്ടത്തിലേക്ക് കയറിയപ്പോൾ ഞാൻ ആശ്ചര്യപ്പെട്ടുപോയി പഞ്ചലോഹത്തിൽ നിർമ്മിച്ച ശ്രീനാരായണഗുരു സ്വാമികളുടെ മനോഹരമായ ഒരു പ്രതിമ അവിടെ ഇരിക്കുന്നു. കാണുന്നവരുടെ കണ്ണിൽ ഭക്തിയും ആനന്ദവും നൽകുന്ന കാഴ്ചയായിരുന്നു അത്. അത്രമാത്രം ഭംഗിയുള്ള തേജസ് ഉള്ള

**എന്നെ ഗാന്ധിഭവനുമായി ബന്ധിപ്പിക്കുന്നത് എഴുത്തുകാരൻ കാക്കനാടനാണ്. ഞാൻ അവിടെ ചെന്നപ്പോൾ സോമരാജൻ സാറ് എന്നെ കെട്ടിപ്പിടിച്ചു. ആ സ്നേഹത്തിൽ ഞാൻ അലിഞ്ഞുചേർന്നു. വളരെ വലിയ മനുഷ്യനാണദ്ദേഹം. വലിയ കാരുണ്യവും സ്നേഹവും ഉള്ള വ്യക്തി. ദൈവതുല്യനാണ്. ഗാന്ധിഭവൻ ഒരു ദേവാലയമാണ്. സാറിന്റെ മകൻ അമൽ എനിക്ക് മകനെ പോലെയാണ്.**

ഗുരുവിന്റെ മുഖം ഞാൻ മുമ്പെങ്ങും കണ്ടിട്ടില്ല. അദ്ദേഹത്തിന് ഗുരുവുമായും വലിയ ഒരു ആത്മബന്ധം ഉണ്ടായിരുന്നല്ലോ.

**? ഗാന്ധിഭവൻ പുനലൂർ സോമരാജൻ സാറുമായി വലിയ ആത്മബന്ധമുണ്ടല്ലോ? അതിനെക്കുറിച്ച് പറയാമോ?**

വലിയ ആത്മബന്ധം ഞങ്ങൾക്കിടയിലുണ്ട്. എന്റെ അനുജനെപോലെയാണ്. എന്നെ ഗാന്ധിഭവനുമായി ബന്ധിപ്പിക്കുന്നത് എഴുത്തുകാരൻ കാക്കനാടനാണ്. ഞാൻ അവിടെ ചെന്നപ്പോൾ സോമരാജൻ സാറ് എന്നെ കെട്ടിപ്പിടിച്ചു. ആ സ്നേഹത്തിൽ ഞാൻ അലിഞ്ഞുചേർന്നു. വളരെ വലിയ മനുഷ്യനാണദ്ദേഹം. വലിയ കാരുണ്യവും സ്നേഹവും ഉള്ള വ്യക്തി. ദൈവതുല്യനാണ്. ഗാന്ധിഭവൻ ഒരു ദേവാലയമാണ്. സാറിന്റെ മകൻ അമൽ എനിക്ക് മകനെ പോലെയാണ്. ഗാന്ധിഭവന്റെ പ്രസിദ്ധീകരണമായ സ്നേഹരാജ്യം മാസികയിൽ ഞാൻ എഴുതാറുണ്ട്. ഗാന്ധിഭവൻ പ്രസാധകരായി. സാഹിത്യകാരന്മാരെക്കുറിച്ചുള്ള എന്റെ എഴുത്ത് പുസ്തകമായി. പുസ്തകത്തിന്റെ പേര് 'അക്ഷരസ്മരണകൾ' എന്നാണ്. അതിന്റെ രണ്ടാം പതിപ്പിൽ സോമരാജൻ സാർ എഴുതിയ പ്രസാധക കുറിപ്പ് വായിക്കേണ്ടതാണ്. "ഇവിടെ വായനക്കാർ സാഹിത്യ കൃതികളെയല്ല വായിക്കുന്നത് സാഹിത്യകാരന്മാരെ തന്നെയാണ് വായിക്കുന്നത്." ആഴമേറിയ വായനാനുഭവം അദ്ദേഹത്തിന്റെ എഴുത്തിൽ നിറഞ്ഞിരിക്കുന്നു.

**? അവാർഡുകൾ?**

എഴുപത്തെട്ടാമത്തെ വയസ്സിൽ എട്ടാമത്തെ നോവൽ എഴുതി. അതിന് നാദം ബുക്ക്സ് അവാർഡ് കിട്ടി. 2000 ത്തിൽ എൻ.സി.ആർ.ടി.യുടെ അവാർഡ് കിട്ടി. ഭീമാ ബാലസാഹിത്യ അവാർഡ് 1991 ൽ (നിറങ്ങൾ) എന്ന കൃതിക്ക് ലഭിച്ചു. പിന്നീട് എസ്.ബി.ഐ. അവാർഡ് (അമ്മയോടൊപ്പം), എൻ.സി.ഇ.ആർ.ടി.യുടെ ദേശീയപുരസ്കാരം (ആനക്കഥ), ഭീമാ ബാലസാഹിത്യ അവാർഡ് 1999 (ദൈവത്തിന്റെ സിംഹാസനം) ൽ ലഭിച്ചു. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പാലാ കെ.എം. മാത്യു പുരസ്കാരം (2016 ൽ കഥകളിലൂടെ അയ്യങ്കാളി എന്ന കൃതിയെ മുൻ നിർത്തി സമഗ്ര സംഭാവനയ്ക്ക്) എന്നിവയൊക്കെ ലഭിച്ചിട്ടുണ്ട്.

**? കുട്ടികൾക്ക് വേണ്ടി നിരവധി പുസ്തകങ്ങൾ രചിച്ചല്ലോ അതിനെക്കുറിച്ച് പറയാമോ?**

കുട്ടികൾക്കായാണ് പുസ്തകങ്ങൾ ഏറെയും എഴുതിയത്. തൊണ്ണൂറോളം പുസ്തകങ്ങൾ എഴുതി. ഈ അടുത്ത കാലത്ത് എഴുതിയത് 'കുട്ടികളുടെ വഴികാട്ടി' എന്ന പുസ്തകമാണ്. ഇത് രക്ഷിതാക്കൾക്കുള്ള പുസ്തകമാണ്. കുട്ടികളെ എങ്ങനെ വളർത്താം എന്നാണതിൽ പറയുന്നത്. പൂർണ്ണാ പബ്ലിക്കേഷനാണ് അത് പ്രസിദ്ധീകരിച്ചത്. ഐസ്ക്രീം, കാട്, ദീപുവിന്റെ ലോകം, നന്മയുടെ പൂക്കൾ, നിറങ്ങൾ, അമ്മയോടൊപ്പം, ആനക്കഥ, ദൈവത്തിന്റെ സിംഹാസനം, പ്രകൃതിയുടെ സംഗീതം തുടങ്ങി നിരവധി പുസ്തകങ്ങൾ രചിച്ചു. എന്റെ ജീവിതാനുഭവം പറയുന്ന ആത്മകഥാംശമുള്ള നോവലാണ് 'കിളിരൂർ ഉരുളി' അത് യാദൃശ്ചികമായി എഴുതിയതാണ്. അത് പ്രസിദ്ധീകരിക്കുന്നതിന് മുമ്പേ നാദം ബുക്ക്സ് പുരസ്കാരം ലഭിച്ചു. കിളിരൂർ ഉരുളിക്ക് കലാനികുഞ്ജ ഭരത പിഷാരടി അവാർഡും ലഭിച്ചു.

**? ഡി.സി. ബുക്സിൽ നിന്നും റിട്ടയർ ചെയ്തശേഷം മറ്റെന്തെങ്കിലും ജോലി?**

2003 ൽ ഡി.സി. ബുക്സിൽ നിന്നും വിരമിച്ചു. അതിനുശേഷം ആറേഴ് വർഷം പല വാരികകളിൽ പത്രാധിപരായിരുന്നിട്ടുണ്ട്. രണ്ട് വർഷം പൂർണ്ണാ പബ്ലിക്കേഷൻസിൽ കൺസൾട്ടായും. രണ്ട് വർഷം ഷാർജയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന 'അമല' വാരികയുടെ പത്രാധിപരായും പ്രവർത്തിച്ചു. 2008 ൽ ഗ്രാൻഡ് ബുക്സ് ആരംഭിച്ചു.

കണ്ണിന് ചെറിയ മൂടലൊക്കെയുണ്ടെങ്കിലും എഴുത്ത് അനസ്യൂതം തുടരുകയാണ്. കിളിരൂർ രാധാകൃഷ്ണൻ എന്ന എഴുത്തുകാരൻ |

# സോഹൻ റോയ്

**അഞ്ചാം ക്ലാസ്സിൽ സ്വന്തമായി നാടകം സംവിധാനം ചെയ്തവതരിപ്പിച്ച എന്നിലെ സംവിധായകനെ കണ്ടെത്താനോ പ്രോത്സാഹിപ്പിയ്ക്കാനോ അതു തൊഴിലാക്കി മാറ്റണമെന്ന് ഉപദേശിയ്ക്കാനോ മാതാപിതാക്കൾക്കോ പത്തുപതിനേഴു വർഷം പഠിപ്പിച്ച അദ്ധ്യാപകർക്കോ സാധിച്ചില്ല എന്നതാണു നഗ്നസത്യം. കണക്കിൽ കൈവിഷം കിട്ടിയതു കൊണ്ട് എഞ്ചിനീയർ ആകണമെന്ന് അവരെല്ലാം കൂടിയങ്ങു തീരുമാനിച്ചു. ജീവിതത്തിൽ കപ്പൽ കണ്ടിട്ടില്ലാത്ത ഞാൻ ഒടുവിൽ ചെന്നുപെട്ടതോ ഏറ്റവും സങ്കീർണ്ണത നിറഞ്ഞ വിഭാഗമായ നേവൽ ആർക്കിടെക്ചറിലും.**

മറ്റെല്ലാവരും നാലു വർഷം കൊണ്ട് എഞ്ചിനീയറാകുമ്പോൾ ഞങ്ങൾ നാലര വർഷം അവധിയില്ലാതെ പഠിയ്ക്കണം. മറ്റുള്ളവർ വാർഷിക അവധിയ്ക്കു പോകുമ്പോൾ ഞങ്ങൾ ഏതെങ്കിലും ഷിപ്പ് യാർഡിൽ ട്രെയിനിംഗ് യജ്ഞത്തിലായിരിക്കും. പ്രക്ഷുബ്ധമായ കടലിലെ തിരമാലകളെ അതിജീവിച്ച് ലോകം മുഴുവൻ ചുറ്റേണ്ട ഭീമാകാരൻ കപ്പലുകൾ വരച്ചുണ്ടാക്കാനുള്ള സാങ്കേതിക വിദ്യ തരുന്നത് ജർമ്മനിയിൽ നിന്നെത്തിയ പ്രൊഫസേഴ്സ് ആയതു കൊണ്ട് ജർമ്മൻ ഭാഷയും പഠിയ്ക്കണം. ആറടി മൂന്നിഞ്ചിൽ കുറയാത്ത ഘടാഘടിയൻമാരായ സായിപ്പൻമാരുടെ കൃത്യനിഷ്ഠ മൂലം ഞങ്ങൾക്കും ഒൻപതു മണിയെന്നു വച്ചാൽ എട്ടു മണി കഴിഞ്ഞ് 59 മിനിട്ടും അറുപതു സെക്കന്റുമാണ്. രൂപം കണ്ടു പേടിച്ചിട്ടാണോ എന്നറിയില്ല, വൈറസും ബാക്ടീരിയയും ജർമ്മൻകാരുടെ ഏഴയലത്തെത്താത്തതുകൊണ്ട അവർ മെഡിക്കൽ ലീവെടുക്കുകയുമില്ല, ഞങ്ങൾക്കവധി വീണു കിട്ടുകയുമില്ല. അസൈൻമെന്റുകളും പരീക്ഷകളും കൃത്യമായി നടത്തുന്നതു കൊണ്ട് ആവശ്യത്തിലേറെ വീണ്ടും വീണ്ടും കിട്ടിയിരുന്നു. കൊടുങ്കാറ്റിലും പേമാരിയിലും പെട്ടുലഞ്ഞ ആ കപ്പൽ പഠനയാത്ര കരയ്ക്കണഞ്ഞപ്പോഴേക്കും ഉള്ളിലെ കലാകാരൻ ഒരു വഴിയ്ക്കായിരുന്നു. പിന്നൊന്നുമാലോചിച്ചില്ല. കോഴ്സു കഴിഞ്ഞു പിറ്റേ ദിവസം തന്നെ സിനിമാ സംവിധാനം പഠിയ്ക്കണമെന്നു പറഞ്ഞു വീടുവിട്ടു. മകനെ ഒരു എഞ്ചിനീയർ ആയിക്കാണാൻ മുണ്ടു മുറുക്കി ആഗ്രഹിച്ച മാതാപിതാക്കളുടെ കണ്ണു നിറഞ്ഞത് കണ്ടില്ലെന്നു നടിച്ചു.

ആറു മാസം കഴിഞ്ഞപ്പോഴാണ് ഒരു പ്രൊഡ്യൂസർ അനുഗ്രഹിച്ചാൽ മാത്രമേ ഒരു സംവിധായകൻ ജനിയ്ക്കൂ എന്നും കാശിറക്കുന്നവനിൽ ആ വിശ്വാസമുണ്ടാക്കിയെടുക്കാൻ ഒരഞ്ചു പത്തു വർഷം കൂടിയിനിയും കഷ്ടപ്പെടേണ്ടി വരുമെന്നുമുള്ള ബോധം തന്നെ വരുന്നത്. സ്വന്തം പണത്തിനു പടം പിടിച്ചാൽ സംവിധായകനാവാൻ ഗോഡ്ഫാദർ വേണ്ടി വരില്ലല്ലോ എന്ന കുരുട്ടു ബുദ്ധിയാണ് എന്നെ അതുണ്ടാക്കാൻ വീണ്ടും കപ്പലിലെത്തിച്ചത്. സ്വപ്നസാക്ഷാത്കാരത്തിനായി കഷ്ടപ്പെട്ട നീണ്ട പതിനാറുവർഷത്തെ സമ്പാദ്യവുമായി ആദ്യ സിനിമ സംവിധാനം ചെയ്യാൻ രണ്ടും കല്പിച്ചിറങ്ങി. ഒപ്പം എന്റെ ഗതി മക്കൾക്കു വരാതിരിയ്ക്കാൻ അവരുടെ കഴിവു



കളേയും ഇഷ്ടങ്ങളേയും കണ്ടെത്തി തൊഴിൽ മേഖല തിരഞ്ഞെടുത്ത് അവരെ പ്രാപ്തരാക്കാനുള്ള ചുമതല വിദ്യാലയത്തിനു വിട്ടു കൊടുത്തു. ഒടുവിൽ അച്ഛന്റെ പാത തന്നെ മക്കളും പിൻതുടരാൻ തീരുമാനിച്ചു എന്നറിഞ്ഞപ്പോൾ ഇരട്ടി മധുരം.

ലോകത്തിലെ ഏറ്റവും മികച്ച നേവൽ ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് ഇരട്ടക്കുട്ടികളെ അവരുടെ ആഗ്രഹപ്രകാരം തന്നെ അയച്ചു. കഴിവും പാരമ്പര്യവും പിൻബലവുമുള്ളതുകൊണ്ട് കപ്പൽ നിർമ്മാണരംഗത്തെ ലോകമറിയുന്ന രണ്ടു 'ലേഡി നേവൽ ആർക്കിടെക്റ്റ്' മാരുടെ അച്ഛനായി ഭാവിയിൽ അറിയപ്പെടുന്നതിനെക്കുറിച്ചു ഞാൻ സ്വപ്നം കണ്ടു തുടങ്ങി.

കോഴ്സു തുടങ്ങി ആറു മാസം കഴിഞ്ഞപ്പോൾ എന്നെ ഞെട്ടിച്ചുകൊണ്ട് ഇരട്ടകളിലൊരാൾ തനിയ്ക്ക് കോഴ്സ് മാറി സൈക്കോളജിക്ക് പോകണമെന്നൊരാഗ്രഹം പറഞ്ഞു. കുട്ടികളുടെ പഠന കാര്യങ്ങളിൽ മാതാപിതാക്കൾ ആവശ്യമില്ലാതെ ഇടപെടരുതെന്നു നിഷ്കർഷിക്കുന്ന ഇന്റർനാഷണൽ സ്കൂൾ ആയിട്ടു പോലും കരിയർ ഡിസൈനിന്റെ അടിസ്ഥാനം പോലുമറിയാത്ത വഴികാട്ടികളുടെ കീഴിലാണു മക്കൾ പതിനാലു വർഷം പഠിച്ചതെന്ന തിരിച്ചറിവ് എന്നെ ഞെട്ടിച്ചു കളഞ്ഞു..

സൈക്കോളജിക്കലായി നീങ്ങാതെ അമരീഷ് പുരിയെപ്പോലെ ഗർജ്ജിച്ചാൽ സംഗതി പാളുമെന്നറിയാവുന്നതുകൊണ്ട് സൈക്കോളജി പഠിയ്ക്കാൻ യൂറോപ്പിൽ നിൽക്കേണ്ടെന്നും ഞങ്ങൾക്കൊപ്പം ദുബായിൽ വന്നുനിന്നു പഠിച്ചോളാനും പറഞ്ഞതും, യൂറോപ്യൻ ക്യാമ്പസിന്റെ ഭാഗമായിക്കഴിഞ്ഞ പുത്രിയുടെ ആഗ്രഹം പിൻവലിയ്ക്കപ്പെട്ടു..... തന്ത്രം വിജയിച്ച ഞാൻ 'മൊഗാമ്പോ ഖുഷ് ഹുവാ' എന്നറിയാതെ പറഞ്ഞ് ഉള്ളിൽ ചുമക്കുന്ന ദ്വന്ദ്വ വ്യക്തിത്വത്തെ പുറത്തു ചാടിച്ചു.

അഞ്ചു വർഷങ്ങൾ നല്ല ഒരു സിനിമ പോലെ പെട്ടെന്നു തീർന്നു പോയതറിഞ്ഞില്ല. പ്രതീക്ഷകൾ തെറ്റിയ്ക്കാതെ രണ്ടാളും ഉയർന്ന സ്കോറോടെ മാസ്റ്റേഴ്സും പൂർത്തിയാക്കി. മൂത്തയാൾ നൂറ്റമ്പതു വർഷത്തെ ചരിത്രം തിരുത്തിക്കുറിച്ചുകൊണ്ടു ക്യാമ്പസിലെ ആദ്യ വനിതാ പ്രസിഡന്റാവുകയും അവിടെത്തന്നെയുള്ള ഒരന്താരാഷ്ട്ര ഷിപ്പ് മാനേജുമെന്റു കമ്പനിയിലേക്ക് കാമ്പസിൽ നിന്നു തന്നെ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തപ്പോൾ, അഭിമാനം മൂത്ത അച്ഛൻ ഒരു നിമിഷം അമരീഷ് പുരിയായി മാറി ഹൃദയം തുറന്നട്ടഹസിച്ചാഹ്ലാദിച്ചു.

പിതാവിന്റെ പാത പിന്തുടരാൻ ദുബായിലേക്കു മടങ്ങിയ കനിഷ്ഠപുത്രി, വീട്ടിലെത്തിയതും പുസ്തകങ്ങളും സർട്ടിഫിക്കറ്റുകളും ഒരു മൂലയ്ക്കു വച്ച് ജോലിക്കു കയറുന്നതിനു മുൻപേ ആറു മാസം അവധി സ്വയം പ്രഖ്യാപിച്ചു. കപ്പലു പോയിട്ട് കടലിലോട്ടു പോലും നോക്കാതെ ഹിപ്പ്നോ തെ



**ലോകത്തിലെ ഏറ്റവും മികച്ച നേവൽ ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് ഇരട്ടക്കുട്ടികളെ അവരുടെ ആഗ്രഹപ്രകാരം തന്നെ അയച്ചു. കഴിവും പാരമ്പര്യവും പിൻബലവുമുള്ളതുകൊണ്ട് കപ്പൽ നിർമ്മാണരംഗത്തെ ലോകമറിയുന്ന രണ്ടു 'ലേഡി നേവൽ ആർക്കിടെക്റ്റ്' മാരുടെ അച്ഛനായി ഭാവിയിൽ അറിയപ്പെടുന്നതിനെക്കുറിച്ചു ഞാൻ സ്വപ്നം കണ്ടു തുടങ്ങി. കോഴ്സു തുടങ്ങി ആറു മാസം കഴിഞ്ഞപ്പോൾ എന്നെ ഞെട്ടിച്ചു കൊണ്ട് ഇരട്ടകളിലൊരാൾ തനിയ്ക്ക് കോഴ്സ് മാറി സൈക്കോളജിക്ക് പോകണമെന്നൊരാഗ്രഹം പറഞ്ഞു.**



സോഹൻ റോയിയും കുടുംബവും

റാപ്പിയും യോഗയും മെഡിറ്റേഷനും, ഇൻഡസ്ട്രിയൽ വെൽബീയിംഗും മറ്റും പഠിയ്ക്കാൻ ദിവസം മുഴുവൻ ഭ്രാന്തമായി ഓടിനടക്കുന്ന പുത്രിയെ കണ്ട് വില്ലനാവേണ്ട അച്ഛൻ കർമ്മദോഷമോ തനിയാവർത്തനമോ എന്നറിയാതെ നെറ്റി ചുളിച്ചു. കിരീടവും ചെങ്കോലും മക്കളെ ഏല്പിച്ച് വിരമിയ്ക്കാനുള്ള പുരിയുടെ പൂതി പുതിയ പുതിയ കോഴ്സുകളിൽ ചേർന്ന് മകൾ തകർത്തു കൊണ്ടേയിരുന്നു

ബോധമനസ്സിന്റെയും ഉപബോധമനസ്സിന്റെയും കാണാപ്പുറങ്ങളിൽ ആത്മാക്കളുമായി സംവദിയ്ക്കാനും പൂർവ്വജന്മ സത്യങ്ങൾ കണ്ടെത്താനും മായ്ക്കേണ്ടവ മായ്ക്കാനും സഹായിക്കുന്ന മണിച്ചിത്രത്താഴിലെ ഡോക്ടർ സണ്ണിയിലേക്കുള്ള മകളുടെ പരകായ പ്രവേശം മൂന്നു വർഷം കൊണ്ട് ഏതാണ്ട് പൂർണ്ണമായിരിയ്ക്കുന്നു. പുലർച്ച മുതൽ അർദ്ധരാത്രി വരെ പല പല പ്രശ്നങ്ങളുമായി പരിഹാരം തേടി മകളെക്കാണാനെത്തി സന്തോഷത്തോടെ മടങ്ങുന്ന നിരവധി വിദേശികൾ,മകളിലൂടെ താൻ നാളെ അറിയപ്പെടുമെന്നു പറയുന്നതു കേട്ട അമരീഷ് പുരിയിൽ അഭിമാനത്തിന്റെ പുഞ്ചിരി വന്നു തുടങ്ങി. കൈയ്യക്ഷരം കൂടി നോക്കി തന്റെ സ്ഥാപനത്തിലെത്തുന്ന ഉദ്യോഗാർത്ഥികളുടെ സ്വഭാവം കൃത്യമായി മുൻ കൂട്ടിയറിയാൻ സാധിയ്ക്കുന്നതു ചീഫ് ഹാപ്പിനസ് ഓഫീസർ കൂടിയായ മകളുടെ മാത്രം കഴിവുകൊണ്ടാണെന്ന് അവരോടെല്ലാം പുരി ആവേശത്തോടെ പറഞ്ഞു. കൂടാതെ ഓഫീസിലെ പല പഴയ വില്ലന്മാരും തനി സ്വരൂപം കയ്യക്ഷരത്തിലൂടെയും, ഹിപ്പ്നോസിസിലൂടെയും മകൾക്കറിയാവുന്ന മറ്റു പല മാർഗ്ഗങ്ങളിലൂടെയും തെളിയാതിരിയ്ക്കാൻ മുങ്ങി നടക്കുന്ന കാര്യവും. സ്കൂളിൽ പഠിക്കുമ്പോൾ ഹസ്തരേഖാ ശാസ്ത്രത്തിന്റെ പുസ്തകം ഒറ്റയ്ക്കു പഠിച്ചു കൂട്ടുകാരെയും അദ്ധ്യാപകരേയും കൈനോക്കി ഞെട്ടിയ്ക്കുമായിരുന്ന മകളുടെ മനസ്സു വായിക്കുന്ന കഴിവിനെ പ്രോത്സാഹിപ്പിക്കാതെ കളിയാക്കിയവരിൽ അന്നു താനുമുണ്ടായിരുന്ന കാര്യവും കുറ്റബോധത്തോടെ തുറന്നു പറയാൻ മറന്നില്ല.

ഇതാ ഒടുവിൽ ലോകപ്രശസ്ത ഹോളിസ്റ്റിക്ക് സ്ഥാപനത്തിലെ ഏറ്റവും പ്രായം കുറഞ്ഞ കൺസൾട്ടന്റായി മകൾ ഇന്ന് തിരഞ്ഞെടുക്കപ്പെട്ടിരിയ്ക്കുന്നു. മനസ്സു വായിക്കുന്ന തന്റെ കഴിവിനെ സ്വയം കണ്ടെത്തി പരിശീലിച്ച് ആ മേഖലയിൽ സ്ഥാനമുറപ്പിച്ചതിനു മകൾക്കു കിട്ടിയ ആദ്യ അംഗീകാരം. എങ്കിലും നീന്തേണ്ട മീനിനെ മരം കേറാൻ പഠിപ്പിക്കുന്ന വിദ്യാഭ്യാസ രീതിയേയും ഇഞ്ചി കൃഷി ചെയ്യേണ്ടവരെ എഞ്ചിനീയറാക്കാൻ നടക്കുന്ന മാതാപിതാക്കളേയുമോർത്തു സ്വയം ശപിക്കുന്ന ഉള്ളിലെ ആത്മാവ്, അഞ്ചുവർഷം ഉറക്കമില്ലാതെ കഷ്ടപ്പെട്ടു മകൾ നേടിയ നാവിക ശില്പകലയുടെ സർട്ടിഫിക്കറ്റ് ഗതികിട്ടാത്ത ഒരാത്മാവിനെപ്പോലെ ഭിത്തിയിൽ തൂങ്ങിക്കിടക്കുന്നതു നോക്കുന്ന ഷോട്ടിൽ ഈ കഥ അവസാനിപ്പിക്കുന്നു. അല്ലെങ്കിൽ 'പാസ്റ്റ് ലൈഫ് റിഗ്രഷ'നെന്ന ഭുതകാല സംവേദനത്തിലൂടെ എന്റെ ഉള്ളിലൊളിച്ചിരിയ്ക്കുന്ന ആത്മാവിനെ മകൾ ലോകത്തിനു മുന്നിൽ തുറന്നു കാട്ടി എന്റെ തൊഴിലിന്റെ രൂപരേഖയും മാറ്റിച്ചേക്കാം എന്നു ബോധമനസ്സു ആവർത്തിച്ചാവർത്തിച്ചു പറയുന്നു |


"Stepping into a Healthier Tomorrow"
247
24x7 EMERGENCY
AMBULANCE SERVICE
HOMECARE SERVICE
RAVOUEX
ZYOR
HOSPITAL
Senior Health and Assisted Living Centre
PARKINSONISM ADVANTAGE CLINIC | POST-SURGERY RECOVERY HUB
STROKE RECOVERY PATHWAYS | SENIOR VITALITY ASSESSMENT
INDEPENDENT LIVING AIDS | MOBILITY MASTERY CLINIC
CLINICAL NURSING EXCELLENCE | FUNCTIONAL PHYSIOTHERAPY
CRITICAL CONDITION MANAGEMENT | OCCUPATIONAL THERAPY SOLUTIONS
PAIN SOLUTIONS & WELLNESS | PSYCHOLOGICAL RESILIENCE CENTER
കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനും ബന്ധപ്പെടുക:
9072055722, 9072055733
Pineapple Junction, Elampal, Punalur, Kollam 691322



ബൃന്ദ

# കേൾക്കാനൊരാൾ

ചിലപ്പോഴെങ്കിലും തോന്നിയിട്ടില്ലേ നമ്മെ കേൾക്കാൻ ഒരു കാത് ഉണ്ടായിരുന്നെങ്കിലെന്ന്. കോടാനുകോടി ശബ്ദങ്ങൾക്കിടയിൽ, അന്തരീക്ഷത്തിലൂടെ തലങ്ങും വിലങ്ങും പാഞ്ഞുകൊണ്ടിരിക്കുന്ന എണ്ണിയാലൊടുങ്ങാത്ത തരംഗങ്ങൾക്കിടയിൽ ഒരാളുടെ വാക്കുകളെ ശ്രവിക്കുന്ന ഒരു സ്നേഹ കർണ്ണം. മൃദുവാർന്ന കരുതലുകളുടെയും ചേർത്തു പിടിക്കലുകളുടെയും സ്വകാര്യമായ ചില്ലകളാണവ.

കേൾക്കുക എന്നത് ഒരു കലയാണ്. സൗമ്യമായ ഹൃദയ സന്ദർശനങ്ങളാണത്. ഏകാന്തതയുടെ ഇതിഹാസങ്ങളിലേക്ക് പൂമരച്ചില്ലകൾ വന്ന് തൊട്ടുണർത്തി സുഗന്ധം പരത്തി ഒരാളെ മറ്റൊരാളാക്കുന്ന മാന്ത്രികത. ഉള്ളറകളിൽ നിന്ന് മറ്റെല്ലാറ്റിനെയും മായ്ച്ചുകളയു ന്ന കരുതലിന്റെ സംഗീതം. നിനക്ക് ഞാനുണ്ടല്ലോ എന്ന് പറയാതെ പറയുന്ന സങ്കടങ്ങളുടെയും സ്വപ്നങ്ങളുടെയും കർണ്ണാവകാശം.

കാതു കൊടുക്കുക എന്നത് ഹൃദയത്തിന്റെ ദാനമാണ്. മറ്റൊരാളിന്റെ മനസ്സിലൂടെ സഞ്ചരിക്കുന്ന പാതയാണത്. ആഗ്രഹിക്കുന്നതൊന്നും കിട്ടിയില്ലെങ്കിലും, ലോകം കീഴ്മേൽ മറിയുന്നുവെങ്കിലും പിന്നെയും മനുഷ്യർ ദൈവത്തെ അള്ളിപ്പിടിക്കുന്നത് തങ്ങളെ കേൾക്കാനുണ്ടൊരാൾ എന്ന വിചാരത്താലും വിശ്വാസത്താലുമാണ്.

കേൾക്കുന്നതിനെക്കാൾ പറയുന്നതിനാണ് നമ്മൾ പൊതുവെ പ്രാധാന്യം നൽകാറുള്ളത്. കേൾവി ഒരു അത്താണിയാണ്. മനസ്സിന്റ ഭാരമൊഴിച്ചു വച്ച് വിശ്രമിക്കാനുള്ള ഇടം.

ഒരിക്കൽ ഒരു സ്നേഹിതൻ തന്റെ അനുഭവം എന്നോടു പങ്കുവച്ചു. രാത്രിയിൽ അദ്ദേഹത്തെ പരിചയക്കാരനായ ഒരാൾ ഫോൺ ചെയ്തു. ഉറക്കത്തിനിടയിലായതിനാൽ രാവിലെ വിളിക്കു എന്ന് അദ്ദേഹം പറഞ്ഞു. പിന്നെ കേൾക്കുന്നത് അയാൾ ആത്മഹത്യ ചെയ്തു എന്ന വാർത്തയാണ്. അയാൾക്ക് എന്തായിരിക്കും ആ രാത്രിയിൽ തന്നോടു പറയാനുണ്ടായിരുന്നത് ? ഒരു പക്ഷേ തന്റെ വാക്കുകൾ അയാളെ ആത്മഹത്യയിൽ നിന്നും പിൻതിരിപ്പിച്ചെങ്കിലോ, അല്പനേരം കാതടച്ചതുകൊണ്ട് നഷ്ടമായത് ഒരു ജീവനാണല്ലോ എന്നൊരു കുറ്റബോധം അദ്ദേഹത്തിൽ നിറഞ്ഞു.

കേൾക്കുക എന്നത് കരുണാപൂർവ്വമായ ഒരു പ്രവൃത്തിയാണ്. ക്ഷമയുടെ ശാന്തമായ ഒറ്റയടിപ്പാതയാണത്.

കാത് ഒരു പങ്കുവയ്ക്കൽ കൂടിയാണ്. ഒരു ചെറിയ സന്തോഷം, നേരിയ ഒരു സങ്കടം അതിനു മുന്നിൽ പോലും അപരകർണ്ണങ്ങൾ അടയപ്പെടുന്നു എന്നത് എത്ര വേദനാജനകമാണ്. ഒരാൾ തോരാതെ സംസാരിക്കുകയും മറ്റേയാൾ മിണ്ടാൻ തുടങ്ങുമ്പോൾ പൊടുന്നനെ തിരക്കുകൾ വന്ന് പിടികൂടുകയു ചെയ്യുന്നവരാണ് ഏറെയും.

ചില നേരങ്ങളിൽ പിടികൂടുന്ന തലവേദനകൾ 'സാരമില്ല' എന്നൊരു വെറും വാക്കിൽ അപ്രത്യക്ഷമായിപ്പോകും. പക്ഷേ പലപ്പോഴും ഔഷധങ്ങൾക്ക് പ്രവർത്തിക്കേണ്ടി വരുന്നു.

കേൾക്കാനൊരു കാതും സ്നേഹിക്കാൻ ഒരു ഹൃദയവും ലഭിക്കുമെങ്കിൽ ഉറക്കമരുന്നുകൾ വിട പറയും. ഭക്ഷണം പോലെ, ദാഹ ജലം പോലെ ഉറക്ക മരുന്നും ഇന്ന് അവശ്യവസ്തുവാണ്.

സന്തോഷങ്ങളെ അകത്തു തന്നെ ഒതുക്കി വച്ചും, അകത്തേക്കു തന്നെ കരഞ്ഞും പുറമേ ചിരിച്ചും ആഗ്രഹങ്ങളെയും ഇഷ്ടങ്ങളെയും അങ്ങനെയല്ലാതാക്കി പരിവർത്തനപ്പെടുത്തിയും ചിലർ ജീവിക്കാറുണ്ട്. തന്നെ കേൾക്കുമെന്ന കൊതിയോടെ, തന്നെ അറിയുമെന്ന ആഗ്രഹത്തോടെ അവർ നമ്മുടെ വാതിൽക്കൽ നിൽക്കുമ്പോൾ നാമവരോട് അവനവനെക്കുറിച്ചു മാത്രം പറഞ്ഞുകൊണ്ടിരിക്കുന്നു. തിളച്ചുമറിയുന്ന കടലിനെ ഒതുക്കിവച്ച് അവർ കേട്ടുകൊണ്ടേയിരിക്കുന്നു. കുളിമുറിയിൽ ശിരസ്സിലൂടൊഴുകുന്ന വെള്ളത്തിൽ അവരുടെ കടലും പെയ്തു തോരുന്നു |


TERRAZZO
തെന്നിന്ത്യയിലെ ഏറ്റവും വലിയ
ടൈൽസ്, ഗ്രാനൈറ്റ് &
സാനിട്ടറിവെയേഴ്സ് ഷോറൂം
നമ്മുടെ ഓണാട്ടുകരയിൽ.....
ഉടൻ... പ്രവർത്തനമാരംഭിക്കുന്നു...
SINCE 1998
CHENNALLOOR FASHION HOMES
Kajaria KERALA NO.1 TILE COMPANY
JOHNSON NOT JUST TILES, LIFESTYLES.
ചേന്നല്ലൂർ
ഫാഷൻ
ഹോംസ്
Kajaria
JOHNSON TILES NOT JUST TILES, LIFESTYLES.
SOMANY
RAK CERAMICS
VITERO
ടൈൽസ് • ഗ്രാനൈറ്റ്സ് • സാനിട്ടറിവാരേസ്
NH.66, Oachira +91 9446005740
chennalloorfashion@gmail.com

നടൻ എന്ന നിലയിൽ നല്ല വേഷങ്ങളായിരുന്നു മനസ്സിൽ. നായകനെങ്കിൽ അങ്ങിനെ, കാരക്റ്റർ വേഷമാണെങ്കിലും കോമഡി വേഷമാണെങ്കിലും ചെയ്യാൻ തയാറായിരുന്നു. അതുകൊണ്ടാണ് ഷാജി കൈലാസ് - രൺജി പണിക്കർ ചിത്രമായ 'സ്ഥലത്തെ പ്രധാന പയ്യൻ' ചിത്രത്തിൽ അഭിനയിച്ച ശേഷം മമ്മൂട്ടി, മോഹൻലാൽ നായകന്മാരായ ചിത്രങ്ങളിലും അഭിനയിച്ചത്.

# ജഗദീഷ് നായകനോ വില്ലനോ ?

ജഗദീഷിനെ കുറിച്ച് ഒരിക്കൽ മോഹൻലാൽ പറഞ്ഞു: 'ജഗദീഷ് എന്ന നടൻ, തന്നെ മറച്ചുവെക്കുന്ന കഥാപാത്രങ്ങളെ അവതരിപ്പിക്കാനാണ് എന്നും ഇഷ്ടപ്പെട്ടിട്ടുള്ളത്. അത് അദ്ദേഹത്തിന്റെ ആത്മശുദ്ധിയെ വെളിപ്പെടുത്തുന്നു.

അക്ഷരവിദ്യയുടെ പൈതൃകം, ഉയർന്ന വിദ്യാഭ്യാസം, ഉയർന്ന തൊഴിൽ, അഭിനയ രംഗത്ത് ഗായകനും ഹാസകനും ആയ നടൻ, വാക്ചാതുരിയും ഇച്ഛാശക്തിയും ചേർന്ന വ്യക്തിത്വം. എല്ലാം ഉൾച്ചേർന്ന ഒരു നടന് സിനിമാരംഗത്ത് അഹങ്കരിക്കാനേറെയുണ്ട്. പക്ഷേ, ജഗദീഷ് ഓരോ കഥാപാത്രങ്ങളെ കൊണ്ടും തന്റെ വ്യക്തി ജീവിതത്തെ എല്ലാവരിൽ നിന്നും മറച്ചുവെച്ച് ജീവിക്കാനാണ് ഇഷ്ടപ്പെട്ടത്.'

തിരുവനന്തപുരം ജില്ലയിലെ ചെങ്കലിൽ കെ. പരമേശ്വരൻ നായരുടേയും പി. ഭാസുരാംഗി അമ്മയുടേയും മകനായി ജനനം. കാനറ ബാങ്ക്, എൻ.എസ്.എസ് കോളേജ് മട്ടന്നൂർ, എൻ.എസ്.എസ്. കോളേജ് നിലമേൽ, എം.ജി. കോളേജ് തിരുവനന്തപുരം എന്നിവിടങ്ങളിൽ കോമേഴ്സ് അദ്ധ്യാപകനായി ജോലി ചെയ്തു.

'മൈ ഡിയർ കുട്ടിച്ചാത്തനി'ലൂടെ സിനിമയിൽ രംഗപ്രവേശം. 350 ൽ പരം സിനിമകളിൽ അഭിനയിച്ചു. ഏതാനും ഹിറ്റു സിനിമകൾക്ക് കഥ, തിരക്കഥ, സംഭാഷണം എഴുതി. വ്യത്യസ്ത കഥാപാത്രങ്ങളെ അവതരിപ്പിച്ചുകൊണ്ട് തിരക്കുള്ള നടനായി തുടരുന്നു.



### ഒരു നടൻ എന്ന നിലയിൽ കോടമ്പാക്കത്തിന്റെ ദുരിത കഥകൾ ഏറെ പറയാനുണ്ടാകുമല്ലോ?

ജഗദീഷ്: അത്തരം അനുഭവങ്ങൾ എന്റെ സിനിമാ ജീവിതത്തിൽ ഉണ്ടായിട്ടില്ല. ജീവിതം സുരക്ഷിതമാക്കിയ ശേഷം മാത്രം സിനിമ എന്ന് ആദ്യമേ തീരുമാനിച്ചിരുന്നു. അതുകൊണ്ടാണ് കോളേജ് അദ്ധ്യാപകനായ ശേഷം സിനിമയിൽ വന്നത്.

'കോളേജ് പഠനകാലത്ത് വില്ലൻ പ്രവർത്തികൾ ചെയ്തതുകൊണ്ടാണോ എതിരാളികളുടെ അടിയേറ്റ് ആശുപത്രിയിലായത് ?'

'അടിയേറ്റ് തലകറങ്ങി വീണതു സത്യം. അതു ഞാൻ വില്ലനായതുകൊണ്ടല്ല. കോളേജ് തെരഞ്ഞെടുപ്പിൽ ഞാൻ ജയിച്ചതിൽ വിറളി പൂണ്ട ചിലരാണ് എന്നെ മർദ്ദിക്കാൻ അവസരമൊരുക്കിയത്. ഒരു തടിക്കഷ്ണം കൊണ്ട് എസ്.എഫ്.ഐക്കാർ അടിച്ചു വീഴ്ത്തി.'

അഭിനയ ജീവിതത്തിൽ വഴിത്തിരിവായ സിനിമ?

'വെള്ളാനകളുടെ നാട്' പ്രിയദർശൻ സംവിധാനം ചെയ്ത സിനിമയിൽ മോഹൻലാൽ നായകനായിരുന്നു. കുമാരൻ എന്ന ടാറിംഗ് തൊഴിലാളിയുടെ വേഷമായിരുന്നു എനിക്ക്. ഈ വേഷമാണ് അഭിനയ ജീവിതത്തിൽ വഴിത്തിരിവുണ്ടാക്കിയത്.'

### ഹിറ്റ് സിനിമകളുടെ സംവിധായകനായ ചക്കരയുമ്മ സാജൻ നായക വേഷം ചെയ്യാൻ വിളിച്ചപ്പോൾ



പല്ലിശ്ശേരി



### പറ്റില്ലെന്നു പറഞ്ഞ് രക്ഷപെട്ടു അല്ലേ?

സാജന്റെ സിനിമയിൽ നായക വേഷത്തിലേക്കു ക്ഷണിച്ചതു സത്യം. പാർവ്വതിയായിരുന്നു നായിക. നായക വേഷം എന്നെ ഭയപ്പെടുത്തി. സിനിമയ്ക്കു പോറലേറ്റാൽ നായകനും സംവിധായക നുമായിരിക്കും കുറ്റം. അതിൽ നിന്നും രക്ഷപ്പെടാനാണ് നായക വേഷം വേണ്ടെന്നു പറഞ്ഞത്.

'എന്നിട്ടും 40 ചിത്രങ്ങളിൽ നായകനായി'

### നായകനാകില്ലെന്ന് തീരുമാനിച്ചെങ്കിലും പിന്നീട് നായകനായി അഭിനയിച്ചു?

അതിനു കാരണം പ്രശസ്ത തിരക്കഥാകൃത്തായ കലൂർ ഡെന്നീസ് ആണ്. സാജന്റെ സിനിമയിലെ നായകസ്ഥാനം വേണ്ടെന്നു വെച്ച് സഹനടന്റെയും സ്വഭാവനടന്റേയും റോളുകളിൽ കളിച്ചാൽ മതി എന്ന തീരുമാനവുമായി മുന്നോട്ടു പോയതു സത്യം. ആയിടയ്ക്കാണ് ചങ്ങനാശ്ശേരി ബഷീർ തുളസീദാസിനെ കൊണ്ട് ഒരു സിനിമ സംവിധാനം ചെയ്യിക്കാൻ തീരുമാനിച്ചത്. അതിന്റെ പിന്നിലുള്ള ശക്തി കലൂർ ഡെന്നീസ് ആയിരുന്നു. രണ്ടാം നിര, മൂന്നാം നിര നടന്മാരേയും സംവിധായകരേയും നിർമ്മാതാക്കളേയും ടെക്നീഷ്യന്മാരേയും നിലനിർത്തുന്നതിനു വേണ്ടി മാതാ ടൂറിസ്റ്റു ഹോം കേന്ദ്രീകരിച്ച് കലൂരിന്റെ നേതൃത്വത്തിൽ ഒരു ഫിലിം ഫാക്ടറിക്കു രൂപം കൊടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ചെറിയ ബഡ്ജറ്റ് ചിത്രങ്ങൾക്കു തുടക്കം കുറിച്ചത്. മുകേഷ് ആയിരുന്നു നായകൻ. ഒപ്പം നായക തുല്യമായ വേഷത്തിൽ എന്നേയും തീരുമാനിച്ചു. അതിനിടയിൽ 'ഒറ്റയാൾ പട്ടാളം.' സിനിമയിൽ നായകനാകാൻ മുകേഷ് തീരുമാനിച്ച്, തുളസീദാസ് ചിത്രത്തിൽ നിന്നും ഒഴിവായി. നായകനായി എന്നെ തീരുമാനിച്ചു. ഞാൻ അപ്പോഴും ഒഴിഞ്ഞു മാറി. എന്നാൽ കലൂർ ഡെന്നീസിന്റെ നിർബന്ധവും പിന്തുണയും മൂലം നായകനായി അഭിനയിക്കാൻ സമ്മതിക്കേണ്ടിവന്നു. ആ സിനിമ വൻ വിജയമായി മാറി. തുടർന്ന് കലൂർ ഡെന്നീസിന്റെ തിരക്കഥയിലും മറ്റും 40 സിനിമകളിൽ നായകനായി. അന്ന് ഇടത്തരം സിനിമകളെ നിയന്ത്രിച്ചിരുന്നത് കലൂർ ഡെന്നീസാണ് അതുകൊണ്ട് ഞാനടക്കമുള്ള പലനടന്മാർക്കും ധാരാളം അവസരങ്ങൾ ലഭിച്ചു.

### പിന്നെന്തിനാണ് സംവിധാനത്തിലേക്ക തിരിഞ്ഞത്?

ലോ ബഡ്ജറ്റ് ചിത്രങ്ങൾക്കിടയിലാണ് ജയറാമിന്റെയും മുകേഷിന്റേയും ബിഗ് സിനിമകൾ വന്നത് അതുകൊണ്ട് ലോ ബഡ്ജറ്റ് സിനിമകൾ പഴയതുപോലെ വിജയിക്കാൻ സാധ്യതയില്ലെന്നു മനസ്സിലായി. എന്നിട്ടും കോമഡി - കാരക്റ്റർ റോളുകളിൽ അഭിനയിക്കാമെന്നു തീരുമാനിച്ചു. എന്നാൽ ഞാനാഗ്രഹിച്ച രീതിയിൽ റോളുകൾ കിട്ടാതെ വന്നപ്പോൾ ഒരു മാറ്റം ആഗ്രഹിച്ചു സംവിധാനം. ഞാൻ മമ്മുക്കയെ കണ്ട് കഥ പറഞ്ഞു അദ്ദേഹം ഓകെ. പ്രോജക്ടുമായി മുന്നോട്ടു പോയപ്പോഴാണ് പ്രൊഡ്യൂസർക്ക് മനം മാറ്റം. സിനിമയ്ക്ക് ബഡ്ജറ്റ് വിചാരിച്ചതിലും ഇരട്ടിയാകും. അതുകൊണ്ട് തൽക്കാലം പ്രോജക്ട് നിർത്തിവെക്കാമെന്നു പറഞ്ഞു. പിന്നീട് അതു നടന്നില്ല. ഇതിനിടയിലാണ് എന്റെ രമയുടെ വേർപാട്. അതെന്നെ വല്ലാതെ ബാധിച്ചു.

### നായകനായി അഭിനയിക്കുന്നതിനിടയിലും ചെറിയ വേഷങ്ങളിൽ സജീവമായിരുന്നു?

നടൻ എന്ന നിലയിൽ നല്ല വേഷങ്ങളായിരുന്നു മനസ്സിൽ. നായകനെങ്കിൽ അങ്ങിനെ, കാരക്റ്റർ വേഷമാണെങ്കിലും കോമഡി വേഷമാണെങ്കിലും ചെയ്യാൻ തയാറായിരുന്നു. അതുകൊണ്ടാണ് ഷാജി കൈലാസ് - രൺജി പണിക്കർ ചിത്രമായ 'സ്ഥലത്തെ പ്രധാന പയ്യൻ' ചിത്രത്തിൽ അഭിനയിച്ച ശേഷം മമ്മൂട്ടി, മോഹൻലാൽ നായകന്മാരായ ചിത്രങ്ങളിലും അഭിനയിച്ചത്. പിന്നീട് വ്യത്യസ്ത കഥാപാത്രങ്ങൾ ലഭിച്ചു. ലീലയിലെ കഥാപാത്രം എന്റെ അഭിനയജീവിതത്തിൽ ഗുണകരമായി. റോഷാക്, ഓസ്‌ലർ, ഗരുഡൻ, മോഹിനിയാട്ടം, മധുവിധു, ഗുരുവായൂരമ്പലനടയിൽ, നേര് തുടങ്ങിയ സിനിമകളിൽ നല്ല വേഷങ്ങൾ ചെയ്തു.

## പുതിയ സിനിമയായ 'കാട്ടാളൻ' ചിത്രത്തിലെ അനുഭവങ്ങൾ?

വളരെയേറെ പ്രതീക്ഷ നൽകിയ ചിത്രമാണ് 'കാട്ടാളൻ' എന്റെ വേഷം വളരെ നല്ലതായിരുന്നു. എന്നാൽ പ്രതീക്ഷിച്ച രീതിയിൽ പ്രേക്ഷകർ ആ സിനിമ ഏറ്റെടുത്തില്ല. അതിൽ എനിക്കു മാനസികമായ പ്രയാസമുണ്ടാക്കി. മഞ്ഞും മഴയും കൊണ്ടാണ് ചിത്രീകരിച്ചത്. തായ്‌ലന്റിൽ ഷൂട്ട് ചെയ്യാൻ പോയിരുന്നു. എന്നിട്ടും പ്രേക്ഷകർക്ക് കഥ ഇഷ്ടപെട്ടില്ല. ഒ.ടി.ടി.യിൽ വരുമ്പോൾ എന്റെ കഥാപാത്രം കൂടുതൽ ശ്രദ്ധിക്കുമെന്നും ചർച്ച ചെയ്യപ്പെടുമെന്നും ഞാൻ കരുതുന്നു.

## ജഗദീഷിന്റെ മാർക്കോയിലെ വില്ലൻ വേഷം നഴ്സിംഗ് കോളേജിൽ ഉണ്ടാക്കിയ മാറ്റം?

വില്ലൻ വേഷങ്ങളോട് എനിക്കു പ്രത്യേക താല്പര്യം ഉണ്ടെന്ന കാര്യം സത്യമാണ്. പ്രത്യേകിച്ച് മാർക്കോയിലെ ജോണി ഐസക്. ആ വില്ലൻ വേഷത്തിന് വളരെയേറെ പ്രശംസ കിട്ടി. ഞാൻ ബാംഗ്ലൂരിലെ നഴ്സിംഗ് കോളേജിൽ പോയപ്പോൾ ജോണി ഐസക്കിന്റെ ഡയലോഗും ബാക്ഗ്രൗണ്ട് സ്കോറും വെച്ച് വിദ്യാർഥിനികൾ ആർപ്പുവിളികളോടെയാണ് എന്നെ സ്വീകരിച്ചത്. ആ നിമിഷം ഇപ്പോഴും എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു. ഹരിഹർ നഗറിലെ ഏതെങ്കിലും ക്ലിപ്പിടും, അല്ലെങ്കിൽ ഗോഡ്ഫാദറിലെ ക്ലിപ്പിടും എന്നായിരുന്നു ഞാൻ വിചാരിച്ചത്. എന്നാൽ അവിടത്തെ വിദ്യാർഥികൾ എന്നെ സ്വീകരിച്ചത് മാർക്കോയിലെ ക്ലിപ്പിംഗ് ഇട്ടു കൊണ്ടാണ്. കാലം മാറിയിരിക്കുന്നു. മുമ്പൊക്കെ മായൻകുട്ടിയേയും ഉദയഭാനുവിനേയും അപ്പുകുട്ടനേയും ആയിരുന്നു യുവതലമുറ നെഞ്ചിലേറ്റിയിരുന്നത്. ഇന്ന് ജോണി ഐസക്കിനേയും ഓസ്‌ലറിലെ വേഷങ്ങളുമൊക്കെയാണ് സ്വീകരിക്കുന്നത്.

## മറ്റൊരു തൊഴിൽ മേഖലയിലും ഇല്ലാത്ത രീതിയിലാണ് സിനിമയിൽ പ്രതിഫലം വർദ്ധിപ്പിക്കുന്നത്. അതിൽ കൂടുതൽ പേരും അഭിനേതാക്കളാണ്?

എല്ലാവർക്കും ഇൻ സെക്യൂരിറ്റി ഫീൽ ചെയ്യുന്ന മേഖലയാണ് സിനിമ രംഗം. നാളെ എന്താകുമെന്ന് ആർക്കുമറിയില്ല. 2035 വരെ എനിക്കു ഡേറ്റില്ല എന്ന് സൂപ്പർ സ്റ്റാറുകൾ പറയുമ്പോഴും 2040 വരെയുള്ള എന്റെ പ്ലാനിംഗുകൾ ശരിയാണ് എന്ന് നിർമ്മാതാക്കൾ പറയുമ്പോഴും അടുത്ത പത്തുവർഷത്തേക്കു എന്റെ ചിത്രങ്ങൾ പ്ലാൻ ചെയ്തു കഴിഞ്ഞു എന്ന് സംവിധായകൻ പറയുമ്പോഴും അവരെല്ലാം അനുഭവിക്കുന്ന വികാരം ഇൻ സെക്യൂരിറ്റിയുടെതാണ്. സിനിമ നിലനിൽക്കുമ്പോഴും നടന്റേയും നടിയുടേയും പ്രസക്തി എന്താകും?

സംവിധായകന്റെ പ്രസക്തി കൂടുകയാണോ കുറയുകയാണോ ചെയ്യുക എന്നുള്ള കാര്യത്തിലൊക്കെ അട്ടർ കൺഫ്യൂഷനായിരിക്കും. അതുകൊണ്ട് ഇന്ന് കിട്ടുന്നതത്രയും ആസ്വദിക്കുക. ഭാവിയെ കുറിച്ചുള്ള ഭീതിയാണ് നടീനടന്മാരെ പ്രതിഫലം കൂട്ടാൻ പ്രേരിപ്പിക്കുന്നത്.

ഇനിയെങ്കിലും ജഗദീഷിനു സെലക്ടീവ് ആകരുതോ?

കമേഴ്സ്യൽ സിനിമാ രംഗത്തു പ്രവർത്തിക്കുന്ന എന്നെപ്പോലൊരാൾക്ക് സെലക്ടീവ് ആകാൻ കഴിയില്ല।


ഗാന്ധിഭവൻ
ആലംബഹീനരുടെ അഭയകേന്ദ്രം
THE LARGEST SECULAR JOINT FAMILY IN ASIA

Pathanapuram, Kollam (Dist), Pin-689695
www.gandhibhavan.org | info@gandhibhavan.org
Phone:0475 2355573, 9605047000, 9605048000

ഒരു സഹായവും ചെറുതല്ല...
ഓരോ ചെറിയ സഹായവും
വിശക്കുന്ന വയറുകൾക്ക്
അന്നമൊരുക്കും...
കരുണയുള്ള മനസ്സുകളിൽ
ദൈവം വസിക്കുന്നു.




ആയിരത്തിഇരുന്നൂറിലധികം ആലംബഹീനർ വസിക്കുന്ന ഗാന്ധിഭവനിൽ അന്നം വസ്ത്രം ഔഷധം നൽകി സഹായിക്കാനപേക്ഷ

SCAN QR CODE TO PAY

| Bank A/c No. | IFS Code | Bank & Branch |
|---|---|---|
| 67093277002 | SBIN0070072 | SBI, Pathanapuram |
| 10520200006265 | FDRL0001052 | Federal Bank, Pathanapuram |
| 267001000110 | ICIC0002670 | ICICI Bank, Pathanapuram |
| 40018817458 | SBININBB104 (SWIFT Code) | SBI, New Delhi (FCRA A/c) |

രചന ഗ്രാനൈറ്റ്സ്
# RACHANA GRANITES

•ANCHAL
0475 2275656

•VENJARAMMOODU
04722 952222

Kajaria | SOMANY | RAK CERAMICS | JOHNSON Not just tiles, Lifestyles. | hindware | American Standard | GROHE

Vaidyaratnam P.S. Varier's
ARYA VAIDYA SALA KOTTAKKAL
ESTD 1902

Kottakkal ayurveda

Pamper Babies with
## Gentle Care

**Kottakkal Baby Oil &
Baby Glow Soap**






Available at all Arya Vaidya Sala outlets
dealer networks, leading stores and online.

Head office: Kottakkal (PO), Malappuram (Dist.), Kerala - 676 503, INDIA
aryavaidyasala.com marketing@aryavaidyasala.com 0483-2806523



# മുഖങ്ങൾ

കാലത്തിന്റെ കറുത്തമുഖം
ലോകത്തിന്റെ വിളർത്തമുഖം
പുതുമകൾ തേടും പുതുതലമുറയുടെ
ലഹരികൾപൂക്കും വർണ്ണമുഖം
അധികാരികളുടെ ക്രൂരമുഖം
അവശന്മാരുടെ ദീനമുഖം
തമ്മിൽക്കണ്ടാൽ കടിച്ചുകീറും
രാഷ്ട്രീയത്തിൻ കപടമുഖം.
പഞ്ചിപ്പാലിൽ വിഷം ചാലിക്കും
വഞ്ചനയുടെ ചെഞ്ചോരമുഖം
പുഞ്ചിരിതൂകി വഞ്ചതിചെയ്യും
വഞ്ചകരുടെ പഞ്ചാരമുഖം
പട്ടിണികൊണ്ടുമരിക്കുന്നവരുടെ
പട്ടകിനാവിൻ കെട്ടമുഖം
കണ്ടുചിരിക്കും ഭരണക്കാരുടെ
കണ്ടുമടുത്ത കഠോരമുഖം.
സത്യത്തിന്നൊരുമുഖമില്ല, അത്
കണ്ടെത്താനും കഴിയില്ലേ, ഈ
മണ്ണിൽ മനുഷ്യനുമുഖമില്ലേ, അത്
മണ്ണിലടിഞ്ഞൊരു കനവാണോ?



**പകൽക്കുറി വിശ്വൻ**




# TKM
COLLEGE TRUST

Kilikolloor P.O.,
Kollam- 691004
Phone: 0474 - 2731021
E-mail : tkmtrust@yahoo.com




**COLLEGE OF ENGINEERING**
Karicode, TKMC P.O
Kollam
0474-474-2712024, 2712022,
www.tkmce.ac.in

**COLLEGE OF ARTS AND SCIENCE**
Karicode, TKMC P.O Kollam
0474-2712240,2711817,
Mob:9446641817
www.tkmcas.ac.in

**INSTITUTE OF MANAGEMENT**
Musaliar Hills, Karuvelil P.O.,
Kollam- 691505.
Ph: 0474 - 2482465, 2483527
www.tkmim.org

**INSTITUTE OF TECHNOLOGY**
Musaliar Hills, Karuvelil P.O.,
Kollam- 691505.
Ph: 0474 - 2482833, 2482083
www.tkmit.ac.in

**SCHOOL OF ARCHITECTURE**
Musaliar Hills, Karuvelil P.O.,
Kollam- 691505.
Ph: 0474 - 2165246 / 47/ 48
www.tkmsa.org

**HIGHER SECONDARY SCHOOL**
TKM College Complex,
Kollam - 691005
Ph: 0474 - 2715670, 2719346
www.tkmhss.org

**CENTENARY PUBLIC SCHOOL**
TKM College Complex,
Kollam - 691005
Ph: 0474 - 2711939 , 2715650.
www.tkmcps.org

**SCHOOL OF COMMUNICATION & INFORMATION TECHNOLOGY**
TKM College Complex, Kollam - 691005
Ph: 0474 - 2719952, 2715232
tkm_scit@yahoo.ac.co.in

# ഗാന്ധിഭവൻ ആഗോള അഭയകുടുംബം

## അനധികൃതമായി പിടിക്കപ്പെടുന്ന ഇതരരാജ്യക്കാർക്കും അഭയം

അനധികൃതമായി കുടിയേറിയ 6 ബംഗ്ലാദേശികളെ പോലീസ് പിടികൂടി കോടതിയിൽ ഹാജരാക്കി ശിക്ഷിക്കപ്പെട്ട് തിരുവനന്തപുരം സെൻട്രൽ ജയിലിൽ ആക്കിയിരുന്നു.

അവരെ ജയിൽശിക്ഷ പൂർത്തിയായി, ഇനി അവരെ നാട്ടിലേക്ക് നിയമാനുസൃതം നാടുകടത്തൽ പദ്ധതിയിലൂടെ വിടുന്നതിനുള്ള നിയമനടപടികൾ പൂർത്തിയാകുംവരെ സംരക്ഷിക്കാൻ കോടതി ഗാന്ധിഭവനെ ചുമതലപ്പെടുത്തി.

36 വയസ്സുള്ള മുഹമ്മദ് നസ്റുൾ ഇസ്ലാം, യുവതികളായ ഇട്ടി ഘാനോ, റിമ, റൂമ, കുൽസം അക്തർ, റുബീന എന്നിവരാണ് ഇവർ. ആയുർവ്വേദ ക്ലിനിക്കുകളിലും വീടുകളിലും രഹസ്യമായി ജോലി ചെയ്തുവരികയായിരുന്നു.

വിദേശികളായ 11 ശ്രീലങ്കക്കാരും ഇപ്പോൾ ഗാന്ധിഭവനിൽ അന്തേവാസികളായുണ്ട്. 5 വർഷം മുമ്പ് മനുഷ്യകടത്ത് കേസ്സിലാണ് ഇവരെ പിടികൂടിയത്.

ശ്രീലങ്കയിൽ നിന്നും ഏതോ ട്രാവൽ ഏജന്റ് വലിയ തുക വാങ്ങി കാനഡയിലേക്ക് ജോലിക്കായി അയച്ചതാണ്.

ബോട്ടിൽ യാത്ര ചെയ്തിരുന്ന ഇവരെ കൊല്ലം കടലിൽ വച്ച് സംസ്ഥാന കോസ്റ്റൽ ഗാഡ് പിടിക്കുകയും സെൻട്രൽ ജയിലിൽ ആക്കുകയും ചെയ്തിരുന്നു.

ഇക്കൂട്ടരുടെ വിവരം അറിഞ്ഞ് കേരള ഹൈക്കോടതി ഇതിൽ ഇടപെട്ടശേഷം അവരെ  ക്ഷേമം അന്വേഷിക്കുന്നതിനായി നിരീക്ഷകരെ ചുമതലപ്പെടുത്തി.

ഇവരിൽ ദമ്പതികളും 8 വയസ്സുള്ള ഗുരുതരമായ ഓട്ടിസമുള്ള കുട്ടിയും, മറ്റൊരു കുടുംബം ഗർഭിണിയായ ഭാര്യയും ഭർത്താവും. പിന്നെ മാതാപിതാക്കളും വിദ്യാർത്ഥികളായ രണ്ടുമക്കളും. ഇവർക്ക് കൂടുതൽ പരിചരണം കിട്ടുന്നതിലേക്ക് ഗാന്ധിഭവനിലേക്ക് മാറ്റാൻ കോടതി ഉത്തരവും പ്രകാരം എത്തി. ഇപ്പോൾ നാലര വർഷം കഴിയുന്നു. ഇതിനിടയിൽ ഗർഭിണി പ്രസവിച്ച കുഞ്ഞിന് 4 വയസ്സ്. ഓട്ടിസം കുട്ടിയുടെ അമ്മ വീണ്ടും ഗർഭിണിയായി പ്രസവിച്ചു. ആ കുട്ടിക്ക് രണ്ടര വയസ്സ്.



ശ്രീലങ്കൻ അഭയാർത്ഥികൾ



ബംഗ്ലാദേശ് അഭയാർത്ഥികൾ

മുൻപും ഇത്തരത്തിൽ മനുഷ്യക്കടത്തിൽ പിടിക്കപ്പെട്ടവർ ശ്രീലങ്കക്കാർ, 18 നൈജീരിയക്കാർ, കെനിയക്കാർ, റഷ്യൻ വനിത, അമേരിക്കൻ വനിത തുടങ്ങിയ ഒട്ടേറെ പേർക്കും അവരെ നാടുകടത്തുന്നതുവരെ ഗാന്ധിഭവനിൽ അഭയം നൽകിയിരുന്നു.

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഒറ്റപ്പെട്ടുപോയവർ ഇപ്പോൾ ഗാന്ധിഭവനിൽ ഉണ്ട്. അതുപോലെ മറ്റു രാജ്യങ്ങളിലെയും ഒറ്റപ്പെട്ടുപോയവരെ പരിപാലിക്കുന്ന ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റ് എന്ന ഏഷ്യയിലെ ഏറ്റവും വലിയ അഭയകേന്ദ്രം ഇന്നൊരു ആഗോള കുടുംബമായി തന്നെയാണ് മുന്നോട്ടുപോകുന്നത്. ആയിരങ്ങൾ അടങ്ങുന്ന വലിയ കൂട്ടുകുടുംബം |



എമിലി മടങ്ങി... കണ്ണീരോടെ...

പത്തനാപുരം : ഗാന്ധിഭവനിൽ അന്തേവാസിയായി കഴിഞ്ഞിരുന്ന അമേരിക്കൻ വനിത എമിലി ബെറ്റ് വിത് (64) ജന്മനാട്ടിലേക്കു മടങ്ങി. 2011 നവംബർ 17 നാണ് ഇവർ ഗാന്ധിഭവനിൽ എത്തിയത്. പണം ഉൾപ്പെടെയുള്ള വിലപ്പെട്ട സാധനങ്ങളും യാത്രാരേഖകളും കൊള്ളയടിക്കപ്പെട്ട എമിലിയെ സംസ്ഥാന പോലീസിന്റെ സഹായത്തോടെ നാട്ടിലേക്കു തിരിച്ചയയ്ക്കാൻ കളക്ടർ ഉത്തരവിട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് എമിലിയെ കാലിഫോർണിയയിലേക്കു മടക്കി അയച്ചത്. മനോനില തെറ്റി കൊല്ലം പട്ടണത്തിൽ അലഞ്ഞുനടന്ന ഇവരെ കൊല്ലം ഈസ്റ്റ് പോലീസാണ് ഗാന്ധിഭവനിൽ ഏൽപ്പിച്ചത്. ഗാന്ധിഭവനിലെത്തിയ എമിലി ആദ്യമൊക്കെ എല്ലാവരോടും നിസ്സഹകരിച്ചുവെങ്കിലും തുടർന്ന് എല്ലാവരുമായും സൗഹൃദത്തിലായി.

അമേരിക്കൻ വൈസ് കോൺസുൽ രണ്ട് തവണയെത്തി തിരികെ അയയ്ക്കാൻ ശ്രമിച്ചുവെങ്കിലും ഇവർ തയ്യാറായില്ല. ജില്ലാ കളക്ടർ നൽകിയ അന്ത്യശാസനയും എമിലി നിരാകരിച്ചിരുന്നു. വിസാ കാലാവധി കഴിഞ്ഞതിനെ തുടർന്ന് ഗാന്ധിഭവൻ നൽകിയ നിവേദനം പരിഗണിച്ചാണ് മടക്കയാത്രയ്ക്കു സർക്കാർ സാഹചര്യമൊരുക്കിയത്.

വസ്ത്രങ്ങളും ലഘുഭക്ഷണപൊതികളുമൊരുക്കി നൽകി യാത്രയയച്ച ഗാന്ധിഭവൻ അന്തേവാസികൾക്കും പ്രവർത്തകർക്കും മുമ്പിൽ പൊട്ടിക്കരഞ്ഞുകൊണ്ട് എമിലി പോലീസ് ജീപ്പിൽ കയറി. എമിലിയുടെ മടക്കയാത്ര ഗാന്ധിഭവൻ കുടുംബത്തെയും കണ്ണീരിലാഴ്ത്തി.



ശ്രീലങ്കൻ അഭയാർത്ഥികൾ ഗാന്ധിഭവനോട് വിടപറഞ്ഞു

ശ്രീലങ്കൻ വംശജർ ഗാന്ധിഭവൻ കുടുംബാംഗങ്ങളോട് യാത്ര ചോദിക്കുന്നു.

പത്തനാപുരം : മനുഷ്യക്കടത്തു കേസിൽ നിരപരാധികളെന്നു തെളിഞ്ഞ് കോടതി വിട്ടയച്ച 14 ശ്രീലങ്കൻ വംശജർ ഗാന്ധിഭവനിൽ നിന്ന് സ്വരാജ്യത്തേക്ക് യാത്രയായി. ഒന്നര മാസമായി ഇവർ ഗാന്ധിഭവനിൽ കഴിഞ്ഞുവരികയായിരുന്നു. മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് ഓസ്ട്രേലിയയിൽ പോകാനായി ഏജന്റുമാർക്ക് പണം നൽകിയ ഇവർ ചതിക്കപ്പെട്ടാണ് മൂന്നു മാസം മുമ്പ് കടലിൽ വച്ച് കൊല്ലം ശക്തികുളങ്ങര പോലീസിന്റെ പിടിയിലായത്. മതിയായ രേഖകളില്ലാതെ അന്യദേശത്ത് അതിക്രമിച്ചു കടന്നു എന്നതായിരുന്നു അവർക്കെതിരെയുള്ള കേസ്. തിരുവനന്തപുരം സെൻട്രൽ ജയിലിൽ കഴിഞ്ഞിരുന്ന ഇവരെ കോടതി വെറുതെ വിട്ടതോടെ ജില്ലാ ഭരണകൂടം ഇടപെട്ടാണ് താൽക്കാലികമായി ഗാന്ധിഭവനിൽ പാർപ്പിച്ചത്. എല്ലാവർക്കും ഗാന്ധിഭവന്റെ വകയായി പുതുവസ്ത്രങ്ങളും, ഭക്ഷണപ്പൊതികളും, ഗാന്ധിഭവൻ പ്രവർത്തകർ ചേർന്ന് സമാഹരിച്ച 15,000 രൂപയും നൽകിയാണ് യാത്രയാക്കിയത്. ജന്മനാട്ടിൽ സുരക്ഷിതരായി തിരിച്ചെത്തുന്നതിന്റെ സന്തോഷത്തിനിടയിലും വേർപിരിയലിന്റെ മിഴിനീർത്തുള്ളികളുമായാണ് അവർ ഗാന്ധിഭവനോട് വിടപറഞ്ഞത്.




SINCE 1987

# തുപ്പാശ്ശേരിൽ

**ക്ലോത്ത് സെന്റർ**

**കരുനാഗപ്പള്ളി**

**ഫോൺ 0476 2621372, 9048799972, 9048799973**

# ലോക സമസ്താ
# സുഖിനോ ഭവന്തു



സഹലാന്ത്രോപ്പോസ് ചാഡൻസിസിൽ നിന്ന് ഹോമോ സാപ്പിയൻസിലേക്കുള്ള മനുഷ്യ പരിണാമയാത്രയിൽ എവിടെ വെച്ചാണ് മൃഗങ്ങളെ കൂട്ടുപിടിച്ചുള്ള ജീവിതം നമ്മുടെ പൂർവികർ ആരംഭിച്ചിട്ടുണ്ടാവുക? ഹോമോഹാബിലിസ് മൃഗങ്ങളെ വേട്ടയാട് ജീവിച്ചിരുന്നെങ്കിലും ഹോമോസാപ്പിയൻസ് തന്നെയാണ് മൃഗങ്ങളെ ഇണക്കിവളർത്താൻ തുടങ്ങിയത് എന്നാണ് പരിണാമ ശാസ്ത്രം പറയുന്നത്. ഏതാണ്ട് 15,000 വർഷങ്ങൾക്ക് മുൻപാണ ത്രേ മനുഷ്യകുലം മൃഗപരിപാലനം ആരംഭിച്ചിട്ടുള്ളത് അന്നുതൊട്ടു തന്നെ രോഗങ്ങൾ zoo notic രോഗങ്ങൾ (മൃഗങ്ങളിൽ നിന്ന് മനുഷ്യ രിലേക്ക് പകരുന്ന രോഗങ്ങൾ) രേഖപ്പെടുത്തുവാനും തുടങ്ങിയി ട്ടുണ്ട്. എന്നാൽ അത് ശാസ്ത്രീയമായി രേഖപ്പെടുത്തിയത് 19-ാം നൂറ്റാണ്ടിലാണ് റാബീസ്, പ്ലേഗ് ആന്ത്രാക്സ് എന്നിവവ പുരാതന കാലംതൊട്ടേ അറിയപ്പെട്ടിരുന്ന zoo notic രോഗങ്ങൾ ആയിരുന്നു. എന്നാൽ ഇന്ന് ലോകം ആശങ്കപ്പെടുന്ന പ്രധാന രോഗങ്ങൾ നിപ, പക്ഷിപ്പനി, കൊറോണ വൈറസുകളുടെ പുതിയ വകഭേദങ്ങൾ തുടങ്ങിയവയാണ് അതുകൊണ്ടുതന്നെ zoo notic രോഗങ്ങളെ തടയാൻ one ഹെൽത്ത് എന്ന സമീപനമാണ് നമ്മൾ സ്വീകരി



ക്കുന്നത്. മനുഷ്യൻ മൃഗങ്ങൾ പരിസ്ഥിതി എന്നിവയുടെ ആരോഗ്യം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന ആശയമാണ് ഇത്. ഇതിൽ പ്രധാനമായും മൃഗങ്ങളുടെ ഉമിനീർ, രക്തം, വിസർജ്യം തുടങ്ങിയവ ശേഖരിച്ച് വൈറസുകളും ബാക്ടീരിയകളും പരിശോധിക്കുന്നു ഒരു പ്രദേശത്ത് പക്ഷികൾ കൂട്ടമായി ചത്തൊടുങ്ങുന്നുണ്ട് എങ്കിൽ കുര ങ്ങുകൾ അസാധാരണമായി ചാവുന്നുവെങ്കിൽ ഉടൻതന്നെ അവിടെ പരിശോധന നടത്തുവാനുള്ള സംവിധാനം ഇന്നുണ്ട്. ചില മൃഗങ്ങളെ യോ പക്ഷികളെയോ പ്രദേശങ്ങളെയോ മുന്നറിയിപ്പ് സംവിധാനമായി



പ്രിയ സത്യൻ

ഉപയോഗിക്കുന്ന sentinel survillance ഇത്തരം രോഗങ്ങൾ തടയുവാനുള്ള പ്രധാന ഉപാധിയായി നാം ഇന്ന് കാണുന്നു. ഡോക്ടർമാർ മൃഗ ഡോക്ടർമാർ വലിയ ജീവിധക്തർ പരിസ്ഥിതി ശാസ്ത്രജ്ഞർ പൊതു ജനാരോഗ്യസ്ഥാപനങ്ങൾ തുടങ്ങിയ വയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുവാനുള്ള രോഗങ്ങളുടെ വ്യാപനം തടയുവാനുള്ള തീവ്രപ രിശ്രമമാണ് വൺ ഹെൽത്ത് എന്ന ആശയത്തിലൂടെ ഇന്ന് നടപ്പാക്കി കൊണ്ടിരിക്കുന്നത്. എന്നിരുന്നാലും മൃഗങ്ങൾ കൂട്ടമായി ജീവിക്കുന്നവ ആയതുകൊണ്ടും ഇനിയും അറിയ പ്പെടാത്ത ഒരുപാട് വൈറസുകളുടെ ആതിഥേയ ജീവികൾ ആയതുകൊ ണ്ട് മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേ ക്ക് പകരുവാനുള്ള രോഗങ്ങളെക്കു റിച്ച് ലോകം വളരെ ആശങ്കയോടെ കൂടിയാണ് കാണുന്നത് |



അരികിലുണ്ട് ഞങ്ങൾ,
കരുതലോടെ.
N.S. CO-OPERATIVE HOSPITAL
സഹകരണ മേഖലയുടെ
കേരളാ
മോഡൽ
എൻ.എസ്.
ദേശിയ, അന്തർദേശിയ
അംഗീകാരങ്ങളുടെ നിറവിൽ....
കോ-ഓപ്പറേറ്റീവ്
ഗ്ലോബൽ
എക്സലൻസ്
അവാർഡ്
2024-25
കോ ഓപ് ഡേ
എക്സലൻസ്
പുരസ്കാരം.
COOP
INTERNATIONAL CO-OPERATIVE ALLIANCE
MEMBER
HEALTH
COOP
MEMBER
മികച്ച സഹകരണ
ആശുപത്രിക്കുള്ള കേന്ദ്രസർക്കാരിന്റെ
എൻ.സി.ഡി.സി അവാർഡ് 2 തവണ
മികച്ച സഹകരണ ആശുപത്രിക്കുള്ള
സംസ്ഥാന സർക്കാർ അവാർഡ് 5 തവണയിലധികം
നേടിയ ഏക സഹകരണ സംഘം
അതിനൂതന
ചികിത്സാ
സംവിധാനങ്ങൾ
ഏറ്റവും
കുറഞ്ഞ
ചികിത്സാ ചെലവ്
എല്ലാ വിദഗ്ദ്ധ
ചികിത്സാ
വിഭാഗങ്ങളും
അന്താരാഷ്ട്ര
നിലവാരമുള്ള
ചികിത്സ
• 500 കിടക്കകളടക്കം എല്ലാ ചികിത്സാ സംവിധാനങ്ങളും • ജില്ലയിൽ ആദ്യത്തെ റോബോട്ടിക് സർജറി സംവിധാനം • ജില്ലയിൽ ഏറ്റവും കൂടുതൽ ഓപ്പറേഷൻ തിയറ്ററുകൾ • 150 കിടക്കകളുള്ള 10 തീവ്രപരിചരണ യൂണിറ്റുകൾ • അമ്മയ്ക്കും കുഞ്ഞിനും മാത്രമായി പ്രത്യേക ബ്ലോക്ക്
• 182 ഡോക്ടർമാരടക്കം 1750 ജീവനക്കാർ
• പ്രതിവർഷം ഏഴ് ലക്ഷത്തിലധികംപേർക്ക് ചികിത്സ നൽകുന്നു
എൻ.എസ്.
സഹകരണ ആശുപത്രി
പാലത്തറ, കൊല്ലം – 20
ഫോൺ: 0474 2723199, 2720000, 9400364000
www.nshospital.org nsmimskollam@gmail.com



SANMATHI enterprises
( An ISO 9001 : 2008 Certified )
TURNKEY CONTRACTORS
FOR OXYGEN PLANT, BLAST FURNACE, SMS,
SINTERING PLANT, ALL MILLS & POLLUTION CONTROL UNIT ETC.
SGI
JAS-ANZ
Acc. No. M44202101U
OFFICE :
Block No. 5, 3rd Floor,
Himalaya Complex, G.E.Road,
Supela Square, Bhilai 490023 (C.G.) India
Ph No.: 0788 – 4091737 (O)
0788 – 2220056 (R)
FAX NO.: 0788-4035668,
EMAIL ID : INFO@SANMATHI.COM; VIKAS@SANMATHI.COM
WEBSITE: WWW.SANMATHI.COM
ENGINEERING SOLUTIONS.
POWERING INDUSTRY.
SPECIALISTS IN OXYGEN PLANTS, INDUSTRIAL PROJECTS & POLLUTION CONTROL SOLUTIONS.
OUR CONSTRUCTION SITE OF
750 TPD
OXYGEN PLANT FOR BHILAI STEEL PLANT,
BHILAI THROUGH AIR LIQUIDE GLOBAL E & C SOLUTIONS
TURNKEY PROJECTS
End-to-End Solutions Delivered
QUALITY ASSURANCE
ISO 9001:2008 Certified
INDUSTRIAL EXPERTISE
Decades of Experience in Heavy Engineering
CLIENT FOCUSED
Reliable | Efficient | On-Time
SUSTAINABLE SOLUTIONS
For a Cleaner Tomorrow

# 'ശബ്ദം തേടിപ്പോയ
# മനുഷ്യൻ'

**ഗാന്ധിഭവനിൽ ചെന്നാൽ, വരാന്തയിൽ ഒരാൾ ഇരിക്കുന്നത് കാണാം. നൂറ് നായകന്മാർക്ക് ശബ്ദം കൊടുത്ത ആൾ. 'മോഹനേട്ടാ, സിനിമ മിസ് ചെയ്യുന്നില്ലേ?' അദ്ദേഹം ചിരിക്കും. ഗാന്ധിഭവനിലെ കുടുംബാംഗങ്ങളെ ചൂണ്ടി പറയും: 'ഇവിടെ... ഇവർക്ക് വേണ്ടി മാത്രം ഞാൻ സംസാരിച്ചാൽ മതി.**

**സ്നേഹരാജ്യം ബ്യൂറോ**

പൂജപ്പുരയിലെ ആ ഡബ്ബിംഗ് തിയേറ്ററിന് ജനാലയില്ലായിരുന്നു. പുറത്തെ വെയിലോ മഴയോ അറിയാതെ, ചന്ദ്രമോഹൻ എന്ന മനുഷ്യൻ ഒരു മൈക്കിന് മുന്നിൽ നിന്നു. സ്ക്രീനിൽ ശങ്കർ പ്രണയം പറയുന്നു. ചന്ദ്രമോഹന്റെ ചുണ്ടുകൾ അനങ്ങി: 'എന്റെ മോഹങ്ങൾ പൂവണിഞ്ഞു...'

'കട്ട്! 9-ആം മിനിറ്റിൽ തെറ്റ്. ആദ്യം മുതൽ.' ഇതായിരുന്നു ലൂപ്പ് സിസ്റ്റം. 10 മിനിറ്റ് സീൻ. ഒരക്ഷരം തെറ്റിയാൽ വീണ്ടും ഒന്നിൽ നിന്ന്. പേരില്ല, ക്രെഡിറ്റില്ല. സ്ക്രീനിൽ തെളിയുന്നത് ശങ്കറിന്റെ മുഖം. കേൾക്കുന്നത് ചന്ദ്രമോഹന്റെ ശബ്ദം. തിയേറ്ററിൽ നിന്നിറങ്ങുന്ന ആളുകൾ പറയും: 'ശങ്കറിന്റെ ശബ്ദം സൂപ്പറല്ലേ?' മൈക്കിന് പിന്നിൽ ചന്ദ്രമോഹൻ ചിരിക്കും. ആരും അറിയാത്ത സൂപ്പർസ്റ്റാർ.

അങ്ങനെയിരിക്കെ മൂന്ന് ജന്മങ്ങൾ സംഭവിച്ചു. ആദ്യത്തേത് ആശീർവാദം. കമൽഹാസന് വേണ്ടി. കമൽ വന്നില്ല. ഫാസിൽ വിളിച്ചു: 'മോഹനാ, ഒന്ന് ചെയ്ത് നോക്ക്.' ചെയ്തു. പടം ഹിറ്റ്. രണ്ടാമത്തേത് ചുളം. രവീന്ദ്രൻ മാഷ്. 'എന്റെ മോഹങ്ങൾ പൂവണിഞ്ഞു' - നൂറു തവണ പറഞ്ഞു. ഒടുവിൽ മാഷ് വന്ന് പുറത്ത് തട്ടി: 'നീയാണ് എന്റെ ശബ്ദം.' മൂന്നാമത്തേത് തൃഷ്ണ. രാജ്കുമാർ എന്ന പുതിയ പയ്യൻ. ഫാസിൽ ശ്രീലങ്കയിൽ. ഡബ്ബിംഗ് മാറ്റിവെക്കണോ? ചന്ദ്രമോഹൻ പറഞ്ഞു: 'ഞാൻ ചെയ്യാം.' പടം ഇറങ്ങി. ആളുകൾ പറഞ്ഞു: 'ഇവന് ശങ്കറിന്റെ ശബ്ദം പോലുണ്ട്.' ശങ്കറിന്റെ ശബ്ദം പോലെയല്ല, അതായിരുന്നു ശങ്കറിന്റെ ശബ്ദം. വർഷങ്ങൾ അങ്ങനെ പോയി. പ്രേം നസീറിന്, നെടുമുടിക്ക്, സുരേഷ് ഗോപിക്ക് - നൂറു നായകന്മാർക്ക് ചന്ദ്രമോഹൻ ശബ്ദം കൊടുത്തു. പക്ഷേ സ്ക്രീനിൽ ഒരിക്കലും 'ഡബ്ബിംഗ്: ചന്ദ്രമോഹൻ' എന്ന് തെളിഞ്ഞില്ല.

2018 ആയപ്പോഴേക്കും പൂജപ്പുരയിലെ കലാഗൃഹം ഒഴിഞ്ഞു കിടന്നു. ഏഴു മണിക്കൂർ കൊണ്ട് ഏഴു പടം തീർത്ത കാലം പോയി. അന്ന് ചന്ദ്രമോഹൻ മൈക്ക് ഓഫ് ചെയ്തു. ആളുകൾ ചോദിച്ചു: 'എങ്ങോട്ടാ മോഹനേ?' അദ്ദേഹം പറഞ്ഞു: 'ശബ്ദം ഇല്ലാത്തിടത്തേക്ക്.'

അങ്ങനെ അദ്ദേഹം പത്തനാപുരം ഗാന്ധിഭവനിൽ എത്തി. ഉപേക്ഷിക്കപ്പെട്ടവരുടെ വീട്. വയസ്സായവർ, കിടപ്പിലായവർ, സംസാരിക്കാൻ പോലും കഴിയാത്തവർ. ചന്ദ്രമോഹൻ അവിടെ ചെന്നു. കയ്യിൽ മൈക്കില്ല. പക്ഷേ ശബ്ദമുണ്ട്.

ഒരു ദിവസം ഒരു അപ്പൂപ്പൻ കിടക്കയിൽ കിടന്ന് എന്തോ പറയാൻ ശ്രമിക്കുന്നു. വാക്കുകൾ വരുന്നില്ല. ചന്ദ്രമോഹൻ അടുത്തിരുന്നു. ചെവി ചേർത്തു വെച്ചു. എന്നിട്ട് ഉറക്കെ പറഞ്ഞു: 'എനിക്ക് വെള്ളം വേണം എന്ന് അപ്പൂപ്പൻ പറയുന്നു!' നഴ്സ് ഓടി വന്നു വെള്ളം കൊടുത്തു.

'ഇതാണ് ഡബ്ബിംഗ്' ചന്ദ്രമോഹൻ ചിരിച്ചു. 'ജീവിതത്തിന്റെ ഡബ്ബിംഗ്. ശബ്ദമില്ലാത്തവർക്ക് വേണ്ടി ശബ്ദം കൊടുക്കുക.'

ഇന്ന് ഗാന്ധിഭവനിൽ ചെന്നാൽ, വരാന്തയിൽ ഒരാൾ ഇരിക്കുന്നത് കാണാം. പൂജപ്പുരയിൽ നൂറ് നായകന്മാർക്ക് ശബ്ദം കൊടുത്ത ആൾ. ആരെങ്കിലും ചോദിക്കും: 'മോഹനേട്ടാ, സിനിമ മിസ് ചെയ്യുന്നില്ലേ?'

അദ്ദേഹം ചിരിക്കും. വരാന്തയിൽ കിടക്കുന്ന അന്തേവാസികളെ ചൂണ്ടി പറയും: 'പൂജപ്പുരയിൽ ഞാൻ ശങ്കറിന് വേണ്ടി സംസാരിച്ചു. രവീന്ദ്രന് വേണ്ടി പാടി. രാജ്കുമാറിന് വേണ്ടി ചിരിച്ചു. പക്ഷേ അവർക്കൊക്കെ സ്വന്തം ശബ്ദമുണ്ടായിരുന്നു. ഇവിടെ... ഇവർക്ക് വേണ്ടി മാത്രം ഞാൻ സംസാരിച്ചാൽ മതി. ഇതാണ് 'എന്റെ മോഹങ്ങൾ പൂവണിഞ്ഞു'.

മൈക്കിന് പിന്നിൽ നിന്ന് ജീവിതത്തിന് മുന്നിലേക്ക് നടന്ന ഒരു മനുഷ്യൻ. പേരില്ലാത്ത ശബ്ദത്തിൽ നിന്ന് പേരില്ലാത്തവരുടെ ശബ്ദത്തിലേക്ക്.

അദ്ദേഹം ഇപ്പോഴും പറയും: 'എന്റെ മോഹങ്ങൾ പൂവണിഞ്ഞു.' ഇത്തവണ സ്ക്രീനിൽ അല്ല, ജീവിതത്തിൽ |



## ബാലരാജ്യം

# ഒരു മഹാഗായകന്റെ ഉദയം



സിപ്പി പള്ളിപ്പുറം

മകൻ സദാ നേരവും പാട്ടുപാടി നടക്കുന്നതു കണ്ടപ്പോൾ അച്ഛൻ അമർചന്ദിന് വല്ലാത്ത ദേഷ്യം വന്നു. അദ്ദേഹം മകനോട് പറഞ്ഞു:

"എടാ കുരുത്തം കെട്ടവനേ, വായിൽ തോന്നിയ പാട്ടും പാടി നടന്നോ. പരീക്ഷ വരുമ്പോൾ നിനക്കു കിട്ടും വലിയ ആനമുട്ട!"

അച്ഛന്റെ പരുഷവാക്കുകൾ കേട്ടപ്പോൾ കൊച്ചുമകന് സങ്കടം വന്നു. കുന്ദൻലാൽ എന്നായിരുന്നു ആ മകന്റെ പേര്. വീട്ടിലും വിദ്യാലയത്തിലുമൊക്കെ പാട്ടും മൂളി നടക്കുന്നത് കുന്ദൻലാലിന് ഏറ്റവും ഇഷ്ടപ്പെട്ട വിനോദമായിരുന്നു. എന്നാൽ അച്ഛന് അതൊട്ടും ഇഷ്ടമായിരുന്നില്ല. ജമ്മുവിലെ രാജകൊട്ടാരത്തിൽ തഹസീൽദാറായിരുന്നു അമർചന്ദ്. അദ്ദേഹത്തിന് രണ്ട് ആൺമക്കളാണുണ്ടായിരുന്നത്. നിർഭാഗ്യമെന്നു പറയട്ടെ; മൂത്തമകൻ നിത്യരോഗി



യായി ശയ്യയിൽത്തന്നെയാണ് കഴിഞ്ഞിരുന്നത്. അതുകൊണ്ട് അവരുടെ കുടുംബത്തിന്റെ ഏക പ്രതീക്ഷയും പ്രത്യാശയുമെല്ലാം ഇളയ മകൻ കുന്ദൻലാലായിരുന്നു. അവനെ പഠിപ്പിച്ച് തന്നെപ്പോലെ ഒരുദ്യോഗസ്ഥനാക്കണമെന്നായിരുന്നു അമർചന്ദിന്റെ കണക്കുട്ടൽ. പക്ഷേ മകൻ പഠനത്തിൽ ശ്രദ്ധിക്കാതെ സംഗീതവഴിയേ പോകുന്നത് അച്ഛന് സഹിക്കാൻ കഴിഞ്ഞില്ല.

നൂറുവർഷങ്ങൾക്കു മുമ്പ് ജമ്മുകാശ്മീരിലെ ഒരു ഇടത്തരം കുടുംബത്തിലായിരുന്നു ഈ സംഭവം.

ശയ്യാവലംബിയായ മൂത്തമകന്റെ മനസ്സിനൊരു സന്തോഷമാകട്ടെ എന്നു വിചാരിച്ച് അവനെ പാട്ടുകേൾപ്പിക്കാനും പാട്ടുമൂളിക്കാനും അമർചന്ദ് ഒരു സംഗീതജ്ഞനെ നിയോഗിച്ചിരുന്നു. സംഗീതജ്ഞൻ വന്ന് പാട്ടു പഠിപ്പിക്കുമ്പോൾ കുന്ദൻലാൽ തൊട്ടപ്പുറത്ത് ഒളിഞ്ഞിരുന്ന് അതെല്ലാം കേൾക്കുക പതിവായിരുന്നു. ആ പാട്ടുകളും മൂളിക്കൊണ്ടായിരുന്നു അവന്റെ നടപ്പും കിടപ്പുമെല്ലാം.

കുന്ദൻലാലിന്റെ പാട്ടെങ്ങാനും കേൾക്കാനിടയായാൽ അമർചന്ദ് ഒരു ചൂരലുമായി ഓടിയെത്തും: "ഈ കഴുതരാഗം വേഗം അവസാനിപ്പിക്കുന്നതാണ് നിനക്കു നല്ലത്! ഇതൊക്കെ മാറ്റിവച്ച് രണ്ടക്ഷരം പഠിക്കാൻ നോക്ക്. അല്ലെങ്കിൽ നിന്റെ കാര്യം അധോഗതിയാകും."

അച്ഛന്റെ ഇത്തരം ശിക്ഷകളും ശകാരങ്ങളും കാണുമ്പോൾ അമ്മ പറയും "ഇടയ്ക്കൊക്കെ അവനൊരു പാട്ടു മൂളിക്കോട്ടെ. അതുകൊണ്ട് അവന്റെ പഠനത്തിന് ഒരു കുഴപ്പവും സംഭവിക്കില്ല."

അന്ന് കുന്ദൻലാലിന് എട്ടോ ഒമ്പതോ വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു. കൊച്ചുമകന്റെ പാട്ടുകേൾക്കുമ്പോൾ അമ്മ വല്ലാതെ കോരിത്തരിക്കും. 'ഹായ്! എത്ര മധുരമുള്ള പാട്ട്!'-എന്ന് സംഗീതപ്രിയയായ ആ അമ്മ ആരും കേൾക്കാതെ പറയുകയും ചെയ്യും.

ഇതിനിടയിൽ കുന്ദൻലാലിന് തൊണ്ടയ്ക്ക് ഒരു കുഴപ്പവുമുണ്ടായി. ഒരു ദിവസം രാവിലെ ഉണർന്ന് പ്രാർത്ഥന ചൊല്ലാൻ നോക്കുമ്പോൾ തൊണ്ടയ്ക്ക് വല്ലാത്ത ഒരു ഇടർച്ച! പാട്ട് പുറത്തേക്ക് വരുന്നതേയില്ല. അവൻ പലവട്ടം ശ്രമിച്ചുനോക്കി; ഒരു ഫലവും കണ്ടില്ല. അതോടെ അവൻ ഉച്ചത്തിൽ പൊട്ടിക്കരഞ്ഞുപോയി.

കുന്ദന്റെ ഈ അവസ്ഥ കണ്ട് അമ്മയ്ക്കുണ്ടായ സങ്കടത്തിന് അതിരില്ല. അവർ അവനെ തൊട്ടടുത്തുള്ള ഒരു സന്ന്യാസിവര്യന്റെ ആശ്രമത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. സൽമാൻ യൂസഫ് എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. നാട്ടിലെ അറിയപ്പെടുന്ന ഒരു സിദ്ധനായിരുന്നു അദ്ദേഹം.

നന്നായി പരിശോധിച്ചശേഷം സൽമാൻ യൂസഫ് കുന്ദനോട് പറഞ്ഞു. "കുട്ടീ നീ ഒന്നുകൊണ്ടും പേടിക്കേണ്ട. രണ്ടു കൊല്ലം കഴിഞ്ഞാൽ നിനക്ക് അസ്സലായി പാടാൻ കഴിയും; എന്നു മാത്രമല്ല; ലോകം അറിയപ്പെടുന്ന ഒരു ഗായകനായി നീ മാറുകയും ചെയ്യും. അതിനുള്ളിൽ നിനക്ക് പഠിക്കാനുള്ളതെല്ലാം ഭംഗിയായി പഠിച്ചുതീർത്തോളൂ."

സിദ്ധന്റെ വാക്കുകൾ കേട്ടപ്പോൾ കുന്ദൻലാലിനും അമ്മയ്ക്കും ആശ്വാസമായി. അദ്ദേഹം പറഞ്ഞത് അവൻ അക്ഷരംപ്രതി അനുസരിച്ചു. പഠിക്കേണ്ടതെല്ലാം നേരത്തെ പഠിച്ചുതീർത്തു. എന്തിനു പറയുന്നു; പന്ത്രണ്ടാമത്തെ വയസ്സിൽ ജമ്മുവിലെ മഹാരാജപ്രതാപ് സിംഗിന്റെ ഡർബാറിൽ കുന്ദൻലാൽ തന്റെ സംഗീതവിരുന്നിന്റെ അരങ്ങേറ്റം നടത്തി. മഹാരാജാവും മന്ത്രിമാരും സദസ്യരും കുന്ദനെ ഒന്നടങ്കം പ്രകീർത്തിക്കുകയും അവന്റെ ഗാനപാടവത്തിൽ അഭിമാനം കൊള്ളുകയും ചെയ്തു.

ഈ കുട്ടിയാണ് പിൽക്കാലത്ത് കുന്ദൻലാൽ സൈഗാൾ എന്നപേരിൽ ഭാരതത്തിന്റെ മഹാഗായകനായി മാറിയത്. മറ്റു വിഷയങ്ങളുടെ പഠനം കൊണ്ട് നേടാനാവുന്നതിനേക്കാളും പതിന്മടങ്ങ് പേരും പെരുമയും സൗഭാഗ്യങ്ങളും തന്റെ സംഗീതസിദ്ധികൊണ്ട് അദ്ദേഹം നേടിയെടുത്തു.

ചലച്ചിത്രനടനായും പിന്നണിഗായകനായും സൈഗാൾ വളരെ വിഖ്യാതനായി. "സോജാരാജകുമാരീ..." എന്ന അദ്ദേഹത്തിന്റെ അനശ്വരഗാനം ഇന്നും പലരുടേയും ചുണ്ടിൽ വറ്റാതെ നിൽക്കുന്നുണ്ട്.

1904 ൽ ജമ്മുവിൽ ജനിച്ച സൈഗാൾ മുപ്പതോളം ചലച്ചിത്രങ്ങളിൽ ഗായകനായും നായകനായും പ്രശോഭിച്ചു. ഏവരേയും കൊതിപ്പിച്ചുകൊണ്ട് ഒരു മഴവില്ലു പോലെ അദ്ദേഹത്തിന്റെ ജീവിതം പെട്ടെന്നു പൊലിഞ്ഞുപോയി. 1947 ൽ വിടവാങ്ങുമ്പോൾ അദ്ദേഹത്തിന് നാൽപ്പത്തിരണ്ടുവയസ്സു പ്രായമേ ഉണ്ടായിരുന്നുള്ളൂ.

ഒരാളുടെ തലവര മാറ്റിയെഴുതുവാൻ ആർക്കും സാദ്ധ്യമല്ല. മകനെ പഠിപ്പിച്ച് വലിയ ഉദ്യോഗസ്ഥനാക്കണമെന്നായിരുന്നു അമർചന്ദിന്റെ മോഹം. പക്ഷേ മകന്റെ പ്രതിഭാവിലാസം മറ്റൊരു വഴിക്കാണ് നീങ്ങിയത്. ഓരോരുത്തർക്കും ജന്മസിദ്ധമായി ലഭിക്കുന്ന കഴിവുകളെയാണ് വളർത്തിയെടുക്കേണ്ടത്. "തല്ലിപ്പഴുപ്പിച്ചിട്ടു കാര്യമില്ല; താനേ പഴുത്താലേ ഗുണമാകൂ"- എന്ന പഴമൊഴി എത്രയോ അർത്ഥവത്താണ്. കഴിവുകൾ കണ്ടറിഞ്ഞ് വളരാനും വളർത്താനും ബന്ധപ്പെട്ടവർ എപ്പോഴും ശ്രദ്ധിക്കേണ്ടതുണ്ട് |

GANDHIBHAVAN ROAD SAFETY ACADEMY &
ORGANIZATION FOR SOCIAL SERVICE (GROSS)
സന്മാർഗ്ഗ പരിശീലന കേന്ദ്രം
Ph: 9605034000, 9605048000
UNDER MOTOR VEHICLE DEPARTMENT, KERALA

# ആരോരുമില്ലാത്തവർക്ക് അഭയം നൽകുന്ന ആൽമരമാണ് ഗാന്ധിഭവൻ - അഡ്വ ടി.ഒ.മോഹനൻ എം.എൽ.എ.

**സാധാരണ ഗതിയിൽ ഒരാൾക്കു ഒരാവശ്യം വരുമ്പോൾ അതു നിറവേറ്റികൊടുക്കുന്നു. വിശക്കുന്നവന്റെ മുന്നിൽ ദൈവം അപ്പമായി പ്രത്യക്ഷപ്പെടുന്നതുപോലെയാണ് ഞാൻ സോമരാജൻ ചേട്ടനെ കാണുന്നത്. 2002 ൽ ഒരു ചെറിയ പ്രസ്ഥാനമായി ആരോരുമില്ലാത്തവർക്ക് തുണയായി തുടങ്ങിയ ഗാന്ധിഭവൻ ഇന്ന് ഒരുവട വൃക്ഷമായി പടർന്നുപന്തലിച്ചു നിൽക്കുന്നു.**








ഞാൻ 2010 ൽ കണ്ണൂർ കോർപ്പറേഷനിൽ കൗൺസിലറായിരുന്നപ്പോൾ കിട്ടിയ ചുമതല ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ സ്ഥാനമാണ്. അതിന്റെ ഭാഗമായി കണ്ണൂരിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന "അഭയ നികേതൻ " എന്ന സ്വാന്ത്വന ഭവനത്തിന്റെ ഉത്തരവാദിത്വം കിട്ടി. അവിടെ നിന്നാണ് എനിക്ക് പലരും ഉപേക്ഷിക്കപ്പെട്ടപലരുമായും ബന്ധപ്പെടാൻ കഴിഞ്ഞത്. അന്നുമുതൽ ഇവർക്കു വേണ്ടി കാര്യമായി എന്തെങ്കിലും ചെയ്യണമെന്നു ആഗ്രഹമുണ്ടായപ്പോൾ മനസ്സിനകത്ത് ഓടിവന്ന ചിത്രം പത്തനാപുരം ഗാന്ധിഭവൻ്റെതായിരുന്നു. ഗാന്ധിഭവന്റെ എല്ലാമെല്ലാമായ സോമരാജൻ ചേട്ടനെ എനിക്ക് വർഷങ്ങളായിട്ടറിയാം. കണ്ണൂരിൽ പല വേദികളിലും ഞങ്ങൾ ഒരുമിച്ച് പങ്കെടുത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനം എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഒരുപാടു പേർക്ക് അച്ഛനായും അച്ഛരാച്ഛനായും നല്ല മന:സംതൃപ്തിയോടെ ജീവിക്കുന്ന നന്മനിറഞ്ഞ മനുഷ്യനായിട്ടാണ് എനിക്കു തോന്നിയത്.

സാധാരണ ഗതിയിൽ ഒരാൾക്കു ഒരാവശ്യം വരുമ്പോൾ അതു നിറവേറ്റികൊടുക്കുന്നു. വിശക്കുന്നവന്റെ മുന്നിൽ ദൈവം അപ്പമായി പ്രത്യക്ഷപ്പെടുന്നതുപോലെയാണ് ഞാൻ സോമരാജൻ ചേട്ടനെ കാണുന്നത്. 2002 ൽ ഒരു ചെറിയ പ്രസ്ഥാനമായി ആരോരുമില്ലാത്തവർക്ക് തുണയായി തുടങ്ങിയ ഗാന്ധിഭവൻ ഇന്ന് ഒരു വടവൃക്ഷമായി പടർന്നുപന്തലിച്ചു നിൽക്കുന്നു. എല്ലാവരുടേയും നാഥനാണ് അദ്ദേഹം. വാസ്തവത്തിൽ ദൈവതുല്യമായ കർമ്മമാണ് അദ്ദേഹം നിർവഹിക്കുന്നത്. ഞാൻ മേയറായിരുന്നപ്പോഴും എം.എൽ എ ആയപ്പോഴും പല വേദികളിലും പോകാറുണ്ട് അവിടെ നിന്ന് ഉപഹാരങ്ങളും ലഭിക്കാറുണ്ട്. ഞാനപ്പോൾ അവരോടു പറയുമായിരുന്നു. എനിക്കു പുസ്തകം തന്നാൽ മതി. ഉപഹാരം മറ്റൊരാൾക്കു കൊടുത്താൽ ഉപകരിക്കപ്പെടുന്നതായിരിക്കണം. അതുകൊണ്ട് അത്തരത്തിലുള്ള ഉപഹാരം തരൂ. എന്നാൽ സോമരാജൻ ചേട്ടന്റെ കയ്യിൽ നിന്നും ഉപഹാരം സ്വീകരിച്ചപ്പോൾ അതു ഞാൻ നിധി പോലെയാണ് ഏറ്റുവാങ്ങിയത്. കാരണം, ഇവിടത്തെ 1500 ആളുകളുടെ സ്നേഹമാണ് ഞാൻ സ്വീകരിച്ചത് എന്ന വികാരത്തോടുകൂടിയാണ് ഞാനിവിടെ നിൽക്കുന്നത് |

# ഗാന്ധിഭവൻ സ്പെഷ്യൽ സ്കൂളിന് ഏരീസ് ഗ്രൂപ്പിന്റെ സമ്മാനമായി ഇന്ററാക്റ്റീവ് പാനൽ



ഗാന്ധിഭവൻ ഇന്റർനാഷണൽ സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് ആധുനിക പഠനസൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഏരീസ് ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ സി.എസ്.ആർ. പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ച ഇന്ററാക്ടീവ് പാനലിന്റെ ഉദ്ഘാടനം പ്രമുഖ വ്യവസായിയും ഏരീസ് ഗ്രൂപ്പ് സ്ഥാപകനും ചെയർമാനുമായ സോഹൻ റോയി നിർവഹിച്ചു. ആധുനിക ഡിജിറ്റൽ പഠനോപകരണങ്ങൾ വിദ്യാർത്ഥികളുടെ അറിവും കഴിവും വികസിപ്പിക്കുന്നതിന് വലിയ പിന്തുണയാകുമെന്നും ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പഠനരീതിയെ കൂടുതൽ സാങ്കേതികവിദ്യാധിഷ്ഠിതവും ആകർഷകവുമാക്കുമെന്നും സോഹൻ റോയ് പറഞ്ഞു.

# താലി മാത്രമല്ല, ജീവിതം തന്നെ നൽകി; സമൂഹ വിവാഹം മാതൃകയായി





ഉദ്ഘാടനവേളയിൽ രമേഷ് പിഷാരടി MLAയ്ക്കൊപ്പം മണികണ്ഠനും കുടുംബാംഗങ്ങളും

പാലക്കാട് : പ്രസന്ന ലക്ഷ്മി ഓഡിറ്റോറിയത്തിൽ വെച്ച് എട്ട് നിർധന പെൺകുട്ടികൾ മംഗല്യവതികളായി. വ്യവസായിയായ കഞ്ചിക്കോട് ചെമ്മാമുക്ക് ഗോകുലത്തിൽ പുതിയാറ്റിൽ മണികണ്ഠന്റെ മകൻ ഹരികൃഷ്ണന്റെ വിവാഹത്തോട് അനുബന്ധിച്ചാണ് ഈ സമൂഹവിവാഹം നടന്നത്.

അനേക വർഷങ്ങളായി തന്റെ മനസ്സിൽ കൊണ്ടുനടന്ന ആഗ്രഹമായിരുന്നു മകന്റെ വിവാഹത്തോട് അനുബന്ധിച്ച് ഇത്തരത്തിലൊരു ചടങ്ങ് സംഘടിപ്പിക്കുക എന്നത്. നിരവധി പെൺകുട്ടികളുടെ മംഗല്യം നടത്തിയ പത്തനാപുരം ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റുമായി ബന്ധപ്പെടുകയും അതിൻപ്രകാരം എട്ട് ജോഡി വധു -വരന്മാരെ കണ്ടെത്തുകയും ചെയ്തു. ഇതിനായി നാല് പവൻ സ്വർണം അടക്കം എല്ലാ ഒരുക്കങ്ങളും മണികണ്ഠൻ ചെയ്തു. വിവാഹ ചടങ്ങിൽ മണികണ്ഠന്റെ ഭാര്യ ജയപ്രഭ, മാതാവ് സരോജിനി'അമ്മ, മകൻ ഹരികൃഷ്ണൻ, ഭാര്യ പ്രിയങ്ക, അവരുടെ മാതാപിതാക്കൾ എന്നിവരടക്കം വലിയ ജനാവലി സാക്ഷ്യം വഹിച്ചു.

പത്തനാപുരം ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റ് സെക്രട്ടറിയും മാനേജിങ് ട്രസ്റ്റിയുമായ പുനലൂർ സോമരാജന്റെ നേതൃത്വത്തിൽ നടന്ന ചടങ്ങ് പാലക്കാട് എം.എൽ.എ രമേഷ് പിഷാരടി ഉദ്ഘാടനം ചെയ്തു. ബി.ജെ.പി സംസ്ഥാന സമിതി അംഗം സി. കൃഷ്ണകുമാർ അടക്കം സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തികൾ പങ്കെടുത്തു.

അൽവ കൺവെൻഷൻ സെന്റർ ഉടമ കൃഷ്ണകുമാർ, എൻ.എസ്.എ ഉടമ മുരളികൃഷ്ണൻ,തുഷാര ഫ്ലോറിങ് കമ്പനി മാനേജർ അനിൽ ജെയിൻ, ഭാര്യ മധു ജെയിൻ എന്നിവർ നവദമ്പതികൾക്ക് പാരിതോഷികങ്ങൾ നൽകി.

# ഗാന്ധിഭവന്റെ ഇരുപത്തിയഞ്ചാമത് ശാഖയ്ക്ക് തറക്കല്ലിട്ടു



പത്തനാപുരം ഗാന്ധിഭവന്റെ ഇരുപത്തി രണ്ടാമത് ശാഖയ്ക്കു പാലക്കാട് വണ്ണാമടക്കടുത്തു നീലങ്കാച്ചിയിൽ 30.05.2026 ന് രാവിലെ 10.30 ന് തറക്കല്ലിട്ടു. പൊതുപ്രവർത്തകൻ അഡ്വ. കൊച്ചുകൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന് ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റ് സെക്രട്ടറിയും മാനേജിങ് ട്രസ്റ്റിയുമായ പുനലൂർ സോമരാജൻ സ്വാഗതം പറഞ്ഞു. സ്വാതന്ത്ര്യസമരസേനാനിയും ചിറ്റൂർ മുൻ എം.എൽ. യുമായ ശിവരാമഭാരതിയുടെ സ്മരണക്കായി മകൻ അഡ്വ. കൊച്ചുകൃഷ്ണൻ സംഭാവന ചെയ്ത ഒരേക്കർ സ്ഥലത്താണ് ഗാന്ധിഭവൻ ശിവരാമഭാരതി അഭയകേന്ദ്രം ഉയരുന്നത്. ഒമാൻ യൂണിവേഴ്സിറ്റി ചാൻസിലർ ഗൾഫാർ ഡോ. പി. മുഹമ്മദാലിയാണ് ഒന്നരക്കോടി ചെലവ് വരുന്ന കെട്ടിടം സ്പോൺസർ ചെയ്തിരിക്കുന്നത്. അടുത്ത വർഷം ജനുവരിയിൽ ഉദ്ഘാടനം ചെയ്യാൻ പാകത്തിലാണ് കെട്ടിടത്തിന്റെ നിർമാണം പുരോഗമിക്കുന്നത്. എഴുത്തേൻപതി പഞ്ചായത്ത് പ്രസിഡന്റ് ഷീജ, കൊഴിഞ്ഞാമ്പാറ പഞ്ചായത്ത് പ്രസിഡന്റ് രാമകൃഷ്ണൻ, ശിവരാമഭാരതി ഫൗണ്ടേഷൻ ചെയർമാൻ വിളയോടി വേണുഗോപാൽ, കേരളപ്രഭ അവാർഡ് ജേതാവ് ഭുവനേശ്വരി, ഗോപാലസ്വാമി, തനിതാചലം എന്നിവർ ചടങ്ങിന് ആശംസ അറിയിച്ചു. ഗാന്ധിഭവൻ മാനേജിങ് ഡയറക്ടർ ബി. ശശികുമാർ നന്ദിയും പറഞ്ഞു

# പ്രകൃതിയിലേത് ആവശ്യത്തിനുള്ളത്, അത്യാഗ്രഹത്തിനുള്ളതല്ല: കുമ്മനം രാജശേഖരൻ











കവയത്രി സുഗതകുമാരി ടീച്ചറുടെ ഒരു തൈ നടാം അമ്മക്ക് വേണ്ടി എന്നു തുടങ്ങുന്ന കവിത ആലപിച്ചു കൊണ്ടു മുൻ മിസോറാം ഗവർണർ കുമ്മനം രാജാശേഖരൻ ഗാന്ധിഭവനിൽ സുഗതവനം പദ്ധതിക്ക് തുടക്കം കുറിച്ചു. ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ചു ഗാന്ധിഭവൻ സ്പെഷ്യൽ സ്കൂളിനോട് ചേർന്ന ഏഴു സെന്റ് ഭൂമിയിലാണ് ഫല വൃക്ഷതൈകൾ നട്ടുകൊണ്ട് കുഞ്ഞു വനത്തിന് തുടക്കം കുറിച്ചത്.

ആഗോള താപനവും മലിനീകരണവും സാമൂഹ്യജീവിതത്തിൽ വീർപ്പുമുട്ടൽ ഉണ്ടാക്കുമ്പോൾ അത് തടയേണ്ടതും വരും കാലത്തിനു വേണ്ടി പ്രകൃതിയെ സംരക്ഷിക്കേണ്ടതും അനിവാര്യമായിരി ക്കുന്നുവെന്ന് കുമ്മനം പറഞ്ഞു. അശരണർക്ക് ആശ്വാസം നൽകുന്ന ഗാന്ധിഭവൻ പോലെ പ്രപഞ്ചത്തിലെ എല്ലാ ജീവികൾക്കും ആശ്വാസമേകുന്ന പദ്ധതിയാണ് ഇതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഇവിടെ നടുന്ന ഫലവൃക്ഷതൈകൾ കായ്ച്ച് പഴമാകുമ്പോൾ അത് എല്ലാ ജീവജാലങ്ങൾക്കും തീർച്ചയായും ആശ്വാസമേകും എന്ന് പ്രത്യാശിച്ചു.'ആവശ്യത്തിനുള്ളതാണ് പ്രകൃതിയിൽ ഉള്ളത്, അത്യാഗ്രഹത്തിനുള്ളതല്ല' എന്ന ഗാന്ധിവചനം ഓർമിപ്പിച്ചുകൊണ്ടാണ് പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ചിന്തിക്കേണ്ടുന്ന ഒരു വിഷയമാണെന്ന് അദ്ദേഹം സൂചിപ്പിച്ചത്.

ലോക പരിസ്ഥിതി ദിനാചരണത്തിന്റ ഭാഗമായി ഈ വർഷം ഒരു ലക്ഷം തൈകൾ നട്ട് പരിപാലിക്കാനാണ് ഗാന്ധിഭവൻ തീരുമാനമെടുത്തിരിക്കുന്നത്. ആലപ്പുഴ ജില്ലയിൽ ഗാന്ധിഭവന്റെ ആഭിമുഖ്യത്തിൽ ഫലവൃക്ഷ വണ്ടി എല്ലാ പഞ്ചായത്തിലും സ്കൂളുകളിലും സഞ്ചരിച്ചു വിതരണം ചെയ്തു. കഴിഞ്ഞ വർഷം 'അയൽ വീട്ടിലൊരു മരം' പദ്ധതിയിലൂടെ അഞ്ചു ലക്ഷം തൈകൾ നട്ടിരുന്നു. പ്രശസ്ത സാഹിത്യകാരി ഒ.വി. ഉഷ മുഖ്യാതിഥി ആയിരുന്നു.

# അനാഥാലയത്തിലെ പീഡനം ഹൈക്കോടതി ഇടപെട്ടു

ഹൈക്കോടതിയുടെ പ്രത്യേക നിർദ്ദേശപ്രകാരം കൊല്ലം ജില്ലാ സബ് ജഡ്ജും കൊല്ലം ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറിയുമായ രേഖ ലോറിയാൻ പത്തനാപുരം ഗാന്ധിഭവൻ സന്ദർശിച്ചു. കഴിഞ്ഞ ദിവസം തെന്മലയിൽ പുനർജനി എന്ന പേരിൽ അംഗീകാരം ഇല്ലാതെ നടത്തിവന്ന അനാഥാലയത്തിൽ നിന്നും മോചിപ്പിച്ച പന്ത്രണ്ടുപേരുടെ മൊഴി എടുക്കുന്നതിനായാണ് ഗാന്ധിഭവനിൽ എത്തിയത്. മാസങ്ങളോളം നേരിട്ട മനുഷ്യത്വരഹിതവും നീചവുമായ അനുഭവങ്ങളിൽ നിന്ന് രക്ഷപ്പെടാനായി പുറത്തിറങ്ങിയ രണ്ട് പ്രായം ചെന്ന സ്ത്രീകളാണ് പുനലൂർ പോലീസിൽ വിവരം അറിയിച്ചത്. തുടർന്ന് വയോജന കമ്മീഷൻ ചെയർമാനും മുൻ രാജ്യസഭ അംഗവുമായ സോമപ്രസാദ്, കെ.എൻ.കെ നമ്പൂതിരി, പുനലൂർ എ.സി.പി. അപർണ എന്നിവർ ചേർന്നാണ് ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജനെ വിവരം അറിയിക്കുകയും പത്തനാപുരം ഗാന്ധിഭവനിലേക്ക് ഇവരെ എത്തിക്കുകയും ചെയ്തത്.



അവിടെ ഉണ്ടായിരുന്ന മൂന്ന് സ്ത്രീകളെയും ഒൻപതു പുരുഷന്മാരെയുമാണ് പുനർജ്ജനിയിൽ നിന്നും മോചിപ്പിച്ചത്. ഇതിൽ രണ്ടു പേർ സംസാര ശേഷി ഇല്ലാത്തവരാണ്. ഒരു തമിഴ്നാട് സ്വദേശിയും ഇതിൽ ഉൾപ്പെടുന്നു.

ദേഹോപദ്രവങ്ങൾ അടക്കം പലവിധ പീഡനങ്ങളും സഹിച്ച വിവരങ്ങൾ ഹൃദയഭേദകമാണ്. കോടതിക്ക് മുൻപാകെയുള്ള കേസിനു ഒരു തീരുമാനം ഉണ്ടാകുന്നത് വരെ അശരണരുടെ സ്വർഗ്ഗരാജ്യമായ ഗാന്ധിഭവനിൽ പന്ത്രണ്ട് പേരും സുരക്ഷിതരാണ്. ഗാന്ധിഭവനിൽ സ്വർഗീയ സുഖമാണെന്ന് അവർ ജഡ്ജിയോട് പറഞ്ഞു

# ഗാന്ധിഭവനിൽ കുട്ടികളുടെ അവധിക്കാല ക്യാമ്പ്






# ലോക പരിസ്ഥിതി ദിനാചരണവും അമ്മയ്ക്കൊരുമ്മ 156 ദിന സംഗമവും നടന്നു.

പത്തനാപുരം ഗാന്ധിഭവനും കോന്നി എലിയറക്കൽ അമൃത വിഎച്ച് എസ്സ് എസും സഹകരിച്ച് പരിസ്ഥിതി ദിനത്തിൽ പരിസ്ഥിതി ദിനാചാരണവും അമ്മയ്ക്കൊരുമ്മ 156 ദിനസംഗമവും സംഘടിപ്പിച്ചു.

പരിസ്ഥിതിയെ സംരക്ഷിക്കണമെന്ന സന്ദേശം പകർന്നു നൽകുന്ന അയൽ വീട്ടിൽ ഒരു മരം എന്ന പദ്ധതിയുടെ ഭാഗമായി ഫലവൃക്ഷത്തൈകൾ നടുകയും അമൃത ഹയർ സെക്കൻഡറി സ്കൂളിലെ മുഴുവൻ കുട്ടികൾക്കും അധ്യാപകർക്കും ഫലവൃക്ഷത്തൈ നൽകുകയും ചെയ്തു.

മാതാപിതാക്കളെ വീടുകളിൽ തന്നെ സംരക്ഷിക്കണം അവർക്ക് അർഹമായുള്ള സ്നേഹവും ബഹുമാനവും വീടുകളിൽ നിന്ന് ലഭ്യമാക്കണമെന്ന സന്ദേശം വിദ്യാർത്ഥികളിലേക്കും യുവജനങ്ങളിലേക്കും പകർന്നു നൽകുന്ന അമ്മയ്ക്കൊരുമ്മ എന്ന പ്രോഗ്രാമിന്റെ 156 ദിന സംഗമം സ്കൂൾ പ്രിൻസിപ്പൽ ഗാന്ധിഭവനിലെ അമ്മയുടെ കൈത്തലം മുത്തി ഉത്ഘാടനം നിർവഹിച്ചു.

വാർഡ് മെമ്പർ ശ്രീമതി ഷൈലാ ബീഗത്തിന്റെ ആദ്ധ്യക്ഷതയിൽ അമൃത വി എച്ച് എസ് എസിൽ നടത്തിയ ചടങ്ങിൽ സ്കൂൾ പ്രിൻസിപ്പൽ ശ്രീ ജി കൃഷ്ണകുമാർ സ്വാഗതം ആശംസിച്ചു. കോന്നി ഗാന്ധിഭവൻ ദേവലോകം ഡയറക്ടർ ശ്രീ അജീഷ് എസ്സ് ആമുഖം പ്രസംഗം നടത്തി. ജില്ലാ പഞ്ചായത്ത് അംഗവും മുൻ അധ്യാപകനുമായ ശ്രീ എസ്






സന്തോഷ് കുമാർ പരിസ്ഥിതി ദിനചാരണ ചടങ്ങുകൾ ഉദ്ഘാടനം ചെയ്തു.

സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ അജിത് വി, പരിസ്ഥിതി പ്രവർത്തകൻ ശ്രീ സലീൽ വയലാത്തല, എൻസിസി ഓഫീസർ ശ്രീ രഞ്ജിത്ത് ആർ എന്നിവർ പരിസ്ഥിതി ദിന സന്ദേശം നൽകി.

കുട്ടികളും പരിസ്ഥിതി സംരക്ഷണവും എന്ന വിഷയത്തിൽ റിട്ടയേർഡ് ഡെപ്യൂട്ടി ഫോറസ്റ്റ് റേഞ്ച് ഓഫീസറും വനമിത്ര അവാർഡ് ജേതാവുമായ ശ്രീ ചിറ്റാർ ആനന്ദൻ ക്ലാസുകൾ നയിച്ചു.

ഗാന്ധിഭവൻ ദേവലോകം വികസന സമിതി അംഗങ്ങളായ ശ്രീ ജി മോഹൻ ദാസ്, ശ്രീ മോനി ക്കുട്ടി വർഗീസ് , ശ്രീ ജോൺ ഫിലിപ്പ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

സ്കൂൾ സീനിയർ അസിസ്റ്റന്റ് ശ്രീമതി ജയശ്രീ ആർ നന്ദിയും രേഖപ്പെടുത്തി.


GANDHIBHAVAN INTERNATIONAL
MODEL RESIDENTIAL SPECIAL SCHOOL

ഭിന്നശേഷിയുള്ള കുട്ടികളുടെ പഠന-പരിശീലന കേന്ദ്രം

Pathanapuram, Kollam. Ph: 0475 2350459, 9605038000

- മികച്ച അദ്ധ്യാപകരുടെ ശിക്ഷണം
- പരിശീലനം സിദ്ധിച്ച ആയമാരുടെ പരിചരണം
- വിവിധ തെറാപ്പിസ്റ്റുകളുടെ സേവനം
- മികച്ച ഹോസ്റ്റൽ സൗകര്യം
- വാഹന സൗകര്യം
- ശാസ്ത്രീയ ശിശുപരിപാലന സംവിധാനം
- അന്തർദ്ദേശീയ നിലവാരമുള്ള അക്കാഡമിക് സൗകര്യങ്ങൾ
- രക്ഷാകർത്തൃ ബോധവത്കരണം
- കൃത്യമായ പി.ടി.എ. യോഗങ്ങൾ
- വ്യത്യസ്ത രുചികളിൽ ഇഷ്ടഭക്ഷണം

# സ്നേഹവേദിയിൽ കവിതയും അനുമോദനവും 130 A+ ജേതാക്കൾക്ക് ഗാന്ധിഭവന്റെ ആദരം





ഗാന്ധിഭവൻ സ്നേഹാശ്രമത്തിലെ സ്നേഹവേദിയിൽ നടന്ന അനുമോദന ചടങ്ങ് കവിതയുടെയും സ്നേഹത്തിന്റെയും വേദിയായി.

മലയാളത്തിന്റെ പ്രിയ കവി മുരുകൻ കാട്ടാക്കട, ഗാന്ധിഭവന്റെ സാരഥി പുനലൂർ സോമരാജൻ, കൊല്ലം പ്രസ്ക്ലബിന്റെ ഈ വർഷത്തെ മികച്ച പത്രപ്രവർത്തകനുള്ള പുരസ്കാര ജേതാവും മലയാള മനോരമ കൊല്ലം ബ്യൂറോയിലെ പത്രപ്രവർത്തകനുമായ ഹസ്താമലകൻ എന്നിവർ ചേർന്ന് SSLC, +2 പരീക്ഷകളിൽ A+ നേടിയ 130 മിടുക്കികളെയും മിടുക്കന്മാരെയും അനുമോദിച്ചു. സ്നേഹാശ്രമത്തിലെ അമ്മമാരെ നോക്കി മുരുകൻ കാട്ടാക്കട സ്വതസിദ്ധമായ ശൈലിയിൽ സ്വന്തം കവിത 'മദേഴ്സ് ഡേ' ആലപിച്ചു കൊണ്ടാണ് പരിപാടി ആരംഭിച്ചത്.

# ഗാന്ധിഭവന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ലോകത്തിനാകെ മാതൃക - മന്ത്രി രമേശ് ചെന്നിത്തല





ഏഷ്യയിലെ ഏറ്റവും വലിയ മതേതര കാരുണ്യ കൂട്ടുകുടുംബമായ പത്തനാപുരം ഗാന്ധിഭവന്റെ പുതിയ ശാഖ മുതുകുളം ചൂളത്തേരുവിൽ ജൂലൈ 5 ഞായറാഴ്ച ഉച്ചയ്ക്ക് 3 മണിക്ക് ബഹു. ആഭ്യന്തര-വിജിലൻസ്-കയർ വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം നിർവഹിച്ചു. ഗാന്ധിഭവൻ രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായാണ് പുതിയ ശാഖ പ്രവർത്തനം ആരംഭിച്ചത്.

ഗാന്ധിഭവൻ സെക്രട്ടറി & മാനേജിംഗ് ട്രസ്റ്റി പുനലൂർ സോമരാജൻ അധ്യക്ഷത വഹിച്ചു. ഓർഗനൈസിംഗ് സെക്രട്ടറി മുഹമ്മദ് ഷെമീർ സ്വാഗതം പറഞ്ഞു. ബഹു. സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി അഡ്വ. എം. ലിജു ആദ്യ അന്തേവാസിയെ സ്വീകരിച്ചു. ചെങ്ങന്നൂർ എംഎൽഎ  സജി ചെറിയാൻ ഹരിതകർമ്മ സേനാംഗങ്ങൾക്ക് ആദരവ് സമർപ്പിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ. മഹേന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ടി.എസ്. താഹ, മുതുകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീജ സുനിൽ തുടങ്ങിയവർ മുഖ്യാതിഥികളായി പങ്കെടുത്തു. മുതുകുളം വടക്ക് ചൂളത്തേരുവിൽ മുൻ എസ്ബിഐ ഡെപ്യൂട്ടി സൂപ്രണ്ട് ആയി സേവനമനുഷ്ഠിച്ച സുരേന്ദ്രൻ എൻ, സതി സുരേന്ദ്രൻ ദമ്പതികൾ ദാനമായി നൽകിയ വസ്തുവും വീടും കേന്ദ്രീകരിച്ചാണ് വയോജനങ്ങൾക്കായുള്ള അഭയകേന്ദ്രം ഒരുങ്ങിയത്. സുരേന്ദ്രൻ എൻ കൃതജ്ഞത രേഖപ്പെടുത്തി.

അനാഥരെ സനാഥരാക്കിയ 25 വർഷങ്ങൾ പിന്നിടുന്ന ഗാന്ധിഭവൻ നിലവിൽ 1500-ലധികം അഗതികൾക്ക് സംരക്ഷണം നൽകുന്നുണ്ട്. വയോജന കേന്ദ്രങ്ങൾ, ചിൽഡ്രൻസ് ഹോം, പാലിയേറ്റീവ് കെയർ യൂണിറ്റ്, മാനസികാരോഗ്യ കേന്ദ്രം, ലഹരി ചികിത്സാ പുനരധിവാസ കേന്ദ്രം, സ്പെഷ്യൽ സ്കൂൾ, കലാ-സാംസ്കാരിക കേന്ദ്രം തുടങ്ങി നിരവധി സേവന പദ്ധതികൾ ഗാന്ധിഭവൻ നടത്തിവരുന്നു.

# പുനലൂർ റെയിൽവേ സ്റ്റേഷനിൽ ഒരു വിസ്മയ വന്ദേ ഭാരത്




പത്തനാപുരം: വായന ദിനാചരണത്തോടനുബന്ധിച്ച് പത്തനാപുരം ഗാന്ധിഭവനിൽ മൂന്ന് വ്യത്യസ്ത പരിപാടികൾ നടന്നു. അതിൽ ഭിന്നശേഷി കുട്ടികളുടെ വായനട്രെയിൻ എല്ലാവരുടെയും ശ്രദ്ധ ആകർഷിച്ചു. എല്ലാ കമ്പാർട്ട്മെന്റിലും വായനക്ക് ഒരിടം എന്ന ആശയം പ്രചരിപ്പിക്കാനാണ് ഈ യാത്ര നടത്തിയത്.
ഗാന്ധിഭവനിൽ നിന്ന് സെക്രട്ടറി പുനലൂർ സോമരാജൻ പച്ചക്കൊടി വീശി ഫ്ളാഗ് ഓഫ് ചെയ്തു. ലോക്കോ പൈലറ്റ്, ഗാർഡ്, ടിക്കറ്റ് പരിശോധകൻ ഉൾപ്പെടെ മുഴുവൻ ട്രെയിൻ ജീവനക്കാരും കുട്ടികൾ തന്നെയായിരുന്നു. പുനലൂർ റെയിൽവേ സ്റ്റേഷനിൽ എത്തിയ ശേഷം കുട്ടികൾ പാട്ടുപാടി, നൃത്തം ചെയ്തു,
വന്ദേഭാരത് ട്രെയിനിന്റെ മാതൃകയിൽ നിർമ്മിച്ച വണ്ടിയിൽ വായനാദിന പരിപാടികൾ ആവിഷ്കരിച്ചുകൊണ്ട് പുനലൂർ റെയിൽവേ സ്റ്റേഷനിൽ വായനാദിനം ആചരിച്ചു. പത്തനാപുരം ഗാന്ധിഭവൻ സ്പെഷ്യൽ സ്കൂളിൽ നിന്നും പുറപ്പെട്ട വായനാ ട്രെയിൻ പുനലൂർ റെയിൽവേ സ്റ്റേഷനിൽ എത്തിയപ്പോൾ സ്റ്റേഷൻ മാസ്റ്റർ അടക്കം ജീവനക്കാരും യാത്രക്കാരും കൗതുക ട്രെയിനിനെ മധുരപലഹാരങ്ങൾ നൽകി സ്വീകരിച്ചു. ഈ സമയം ഗുരുവായൂർ മധുര എക്സ്പ്രസ് ട്രെയിനും അവിടെ ഒപ്പമെത്തി. എല്ലാവർക്കും ഇതൊരു വിസ്മയക്കാഴ്ചയായിരുന്നു.

# എൻഡോസൾഫാൻ ഇരകളുടെ കദനകഥയുമായി ദയാബായി വേളമാനൂർ ഗാന്ധിഭവൻ സ്നേഹാശ്രമത്തിൽ എത്തി



കാസർഗോഡ് ജില്ലയിലെ കശുവണ്ടി തോട്ടങ്ങളിൽ എൻഡോസൾഫാൻ വ്യോമമാർഗ്ഗം തളിച്ചതിന്റെ ഭാഗമായി അവിടുത്തെ ജനങ്ങൾ വർഷങ്ങളായി അനുഭവിക്കുന്ന ജനനവൈകല്യങ്ങളും ശാരീരിക-മാനസിക വളർച്ചക്കുറവും ഒക്കെ തെരുവ് നാടക രൂപേണ ദയാബായി സ്നേഹാശ്രമത്തിൽ അവതരിപ്പിച്ചു. എൻഡോസൾഫാൻ മരുന്നല്ല വിഷമാണ് എന്ന് അവർ പറഞ്ഞു. കുട്ടിക്കാലത്ത് ഗാന്ധിജിയുടെ ത്യാഗത്തിന്റെ കഥകളും, റാണി ലക്ഷ്മിഭായിയുടെ സമരകഥകളും വായിച്ചാണ് താൻ ദയാബായി ആയി മാറിയതെന്ന് അവർ അനുസ്മരിച്ചു.
ഗാന്ധിഭവൻ സ്ഥാപകനും സാരഥിയായ ഡോ. പുനലൂർ സോമരാജൻ ഗാന്ധിഭവൻ കുടുംബത്തിന്റെ ഹൃദയാദരവ് ദയാബായിക്ക് സമർപ്പിച്ചു. സംസാരിച്ചു



# ലോക പരിസ്ഥിതി ദിനാചരണവും ഫലവൃക്ഷത്തൈ വിതരണവും




ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പത്തനാപുരം ഗാന്ധിഭവനിൽ ഫലവൃക്ഷത്തൈ വിതരണവും പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞയും സംഘടിപ്പിച്ചു. ജൂൺ 5 വ്യാഴാഴ്ച പകൽ 12 മണിക്ക് നടന്ന ചടങ്ങ് പത്തനാപുരം വിജിലൻസ് റേഞ്ച് ഫോറസ്റ്റ് ഓഫീസർ എ. നിസ്സാം ഉദ്ഘാടനം ചെയ്തു.

ഗാന്ധിഭവൻ സെക്രട്ടറിയും മാനേജിങ് ട്രസ്റ്റിയുമായ പുനലൂർ സോമരാജൻ ചടങ്ങിൽ സ്വാഗതം ആശംസിച്ചു. ഗാന്ധിഭവൻ എം.ഡി.ബി. ശശികുമാർ പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഗാന്ധിഭവന്റെ ഇരുപത്തിയൊന്ന് ശാഖകളിലേക്കും വൃക്ഷവണ്ടി എത്തുകയും ഒരു ലക്ഷം ഫല വൃക്ഷതൈകൾ വിതരണം നടത്തുകയും ചെയ്തു. സെക്ഷൻ ഫോറസ്റ്റ് ഓഫീസർ കെ. അഭിലാഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ എസ്. അനു, ആർ. പാർവതി, ആർ. സാജു എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഗാന്ധിഭവൻ അഡ്മിനിസ്റ്ററ്റീവ് ഓഫീസർ ബി. മോഹനൻ നന്ദി പറഞ്ഞു.

# ഗർഭിണി അമ്മയ്ക്കും അഞ്ചു മക്കൾക്കും ഗാന്ധിഭവൻ തണലായി



മഴക്കെടുതിയിൽ ആലംബമില്ലാതെ കാർത്തികപ്പള്ളി, ഡാണാപ്പടി റോഡിൽ ഷെഡിൽ കിടന്നിരുന്ന കുടുംബത്തിനു പത്തനാപുരം ഗാന്ധിഭവൻ തണലേകി.

കാർത്തികപ്പള്ളി സ്വദേശിനി എട്ടുമാസം ഗർഭിണിയായ താര (30) അവരുടെ മക്കളായ രുദ്ര (11), രൂപ (7), രേവതി (5), മീനാക്ഷി (3), രാഹുൽ (2) എന്നിവരെയാണ് പട്ടിണി കിടക്കുന്ന അവസ്ഥയിൽ കണ്ടെത്തിയത്.

ഈ വിവരം അറിഞ്ഞ ഹരിപ്പാട് ഗാന്ധിഭവൻ സ്നേഹവീട് ഡയറക്ടർ മുഹമ്മദ് ഷെമീർ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയുടെ ഓഫീസിൽ നേരിട്ട് ഇടപെടുകയും CWC ചെയർപേഴ്സനെ വിവരമറിയിക്കുകയും ചെയ്തു. ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ, താരയെയും മക്കളെയും ഏറ്റെടുക്കാൻ സമ്മതം അറിയിച്ചതോടെ ഓർഗനൈസിംഗ് സെക്രട്ടറി മുഹമ്മദ് ഷെമീറിനെ നേരിൽ അന്വേഷിക്കാൻ സ്ഥലത്തേക്കയച്ചു.

ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഓഫീസ് സെക്രട്ടറി വേണു ജി നായർ, ഹരിപ്പാട് നഗരസഭാംഗം, ആലപ്പുഴ ജില്ലാ പഞ്ചായത്തംഗം ബബിത ജയൻ, മുൻ പഞ്ചായത്ത് മെമ്പർ സ്മിത പ്രദീപ്, മഞ്ജു തുടങ്ങിയവരുടെ നേതൃത്വത്തിൽ അമ്മയെയും കുഞ്ഞുങ്ങളെയും ഗാന്ധിഭവനിലെത്തിച്ചു. ഗാന്ധിഭവൻ സെക്രട്ടറിയും മാനേജിംഗ് ട്രസ്റ്റിയുമായ പുനലൂർ സോമരാജൻ താരയെയും കുട്ടികളെയും സ്വീകരിച്ചു. ഇവരുടെ കേസ്സ് ഹിസ്റ്ററിയും മറ്റും ഗാന്ധിഭവൻ തയ്യാറാക്കി. കുട്ടികളുടെ കാര്യത്തിൽ വനിത ശിശുവികസന വകുപ്പിന്റെ ഉത്തരവുകൾക്ക് വിധേയമായി സംരക്ഷണം ഒരുക്കുമെന്നും ആവശ്യമെങ്കിൽ താരയുടെ പ്രസവശുശ്രൂഷ അടക്കമുള്ള ചികിത്സാ സൗകര്യങ്ങളും കുട്ടികളുടെ വിദ്യാഭ്യാസം, താരയ്ക്കും ഭർത്താവിനും താമസിക്കാൻ വീടും തൊഴിലും ഗാന്ധിഭവൻ ഏറ്റെടുത്ത് നൽകുമെന്ന് പുനലൂർ സോമരാജൻ അറിയിച്ചു. വനിത ശിശുവികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണയും ഇവർക്കു വേണ്ടി ഗാന്ധിഭവനുമായി ബന്ധപ്പെട്ടു.

# ഗാന്ധിഭവൻ ദേവാലയത്തിൽ വനവാസി സമൂഹ വിവാഹം



പത്തനാപുരം ഗാന്ധിഭവന്റെ ശാഖയായ ചെങ്ങന്നൂർ ഇലഞ്ഞിമേലിൽ പ്രവർത്തിക്കുന്ന ഗാന്ധിഭവൻ ദേവാലയത്തിൽ നടന്ന ആദിവാസി സമൂഹ വിവാഹത്തിൽ ആഭ്യന്തര വകുപ്പുമന്ത്രി രമേശ് ചെന്നിത്തല, സജി ചെറിയാൻ എം.എൽ.എ, ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ, അഡ്വ. വിജയകുമാർ, ഹരിനമ്പൂതിരി, ഗാന്ധിഭവൻ ദേവാലയം ഭാരവാഹികളും പങ്കെടുത്തു.

# സജി ചെറിയാൻ എം.എൽ.എ. യുടെ ശുപാർശയിൽ അമ്പിളിക്ക് അഭയമായി ഗാന്ധിഭവൻ



അമ്പിളി (49) ഇപ്പോൾ പത്തനാപുരം ഗാന്ധിഭവനിൽ. ഭർത്താവ് രാധാകൃഷ്ണൻ കിടപ്പു രോഗിയാണ്. മൂന്ന് ആൺമക്കൾ ഉണ്ട്. മൂവരും അവിവാഹിതർ.അമ്പിളി കൂലിപ്പണി ചെയ്താണ് കുടുംബം നോക്കിയിരുന്നത്. കുറച്ച് വർഷം മുൻപ് അമ്പിളി വീട്ടിൽ വീണു. നട്ടെല്ലിന് പരിക്കേറ്റു. അതോടെ അമ്പിളിയും കിടപ്പിലായി. അമ്മയും അച്ഛനും ഒരുമിച്ച് കിടപ്പിലായതോടെ മക്കൾ പ്രയാസത്തിലായി. മൂത്ത രണ്ട് മക്കൾ തടിപ്പണിക്ക് പോകും. ഏറ്റവും ഇളയ മകൻ പഠിക്കുന്നു. അച്ഛനെയും അമ്മയെയും നോക്കണം എന്ന് മക്കൾക്ക് ആഗ്രഹമുണ്ട്. പക്ഷേ ചികിത്സാ ചെലവ് താങ്ങാൻ കഴിയുന്നില്ല. രണ്ടുപേരുടെയും മരുന്നിനും പരിചരണത്തിനും വലിയ തുക വേണം. മാത്രവുമല്ല, രണ്ടുപേരെയും നോക്കാൻ വീട്ടിൽ ഒരാൾ വേണം. അതിന് നിന്നാൽ മക്കൾക്ക് ജോലിക്ക് പോകാൻ പറ്റില്ല. വരുമാനം ഇല്ലാതാകും. ജോലിക്ക് പോയാൽ അച്ഛനെയും അമ്മയെയും നോക്കാൻ ആളില്ല. അവരുടെ ജീവിതക്ലേശം കേട്ടറിഞ്ഞ ചെങ്ങന്നൂർ എം.എൽ.എ. സജി ചെറിയാൻ അമ്മയെ ഗാന്ധിഭവനിൽ ഏൽപ്പിക്കാൻ തീരുമാനിച്ചു. അച്ഛൻ രാധാകൃഷ്ണൻ ഇപ്പോഴും വീട്ടിൽ കിടപ്പിലാണ്. മൂത്ത മക്കൾ മാറി മാറി അച്ഛനെ നോക്കുന്നു. ഇളയ മകൻ പഠിത്തവും വീട്ടിലെ കാര്യങ്ങളും നോക്കുന്നു. അമ്പിളിക്ക് ഗാന്ധിഭവനിൽ കൃത്യമായ പരിചരണം ലഭിക്കുന്നു. സമയത്ത് മരുന്നും ഭക്ഷണവും കിട്ടും. മക്കൾ മാസത്തിൽ ഒരിക്കൽ അമ്മയെ കാണാൻ വരും. സാഹചര്യങ്ങളാണ് അമ്പിളിയെ ഗാന്ധിഭവനിൽ എത്തിച്ചത്. മക്കളുടെ സ്നേഹത്തിന് കുറവൊന്നുമില്ല. അമ്മയെ ഗാന്ധിഭവനിൽ എത്തിച്ച് മടങ്ങുമ്പോൾ നിസ്സഹായരായ രണ്ടുമക്കളും അമ്മയെ കെട്ടിപ്പിടിച്ചു കരഞ്ഞു. ഇത് എല്ലാവരുടെയും ഹൃദയത്തിൽ ഒരു വിങ്ങലായി നിന്നു.

# ഗാന്ധിഭവൻ പ്രവർത്തനം വിദേശികളെ അത്ഭുതപ്പെടുത്തി
## കേട്ടറിഞ്ഞ ഗാന്ധിഭവനെ നേരിൽ കാണാൻ അമേരിക്കൻ സംഘം എത്തി






പത്തനാപുരം ഗാന്ധിഭവനെ കുറിച്ചു കേട്ടറിഞ്ഞ യു.എസ് . ആരോഗ്യ പ്രവർത്തകർ ഗാന്ധിഭവൻ സന്ദർശിച്ചു.
ഡയറക്ടർ ഓഫ് സെൻ്റർ ഫോർ ഗ്ലോബൽ എൻഗേജ്മെൻ്റ് സീനിയർ ഇൻ്റർനാഷണൽ ഓഫീസറായ ഡോ സഖക്കറിയ മാത്യു, ആണ് യു.എസ് . കാരുണ്യ പ്രവർത്തനത്തിനു നേതൃത്വം നൽകിയത്.
ഡോ. സ്വപ്ന ത്വയ്ത, ഡോ. സൂസന്ന ലഗ്ഗർ, അസിസ്റ്റൻ്റ് പ്രൊഫസർ ഓഫ് നഴ്സിംഗ് ഡോ മെർലിൻ ഫിൽട്ടർ, പ്രൊഫസർ സ്ക്കൂൾ ഓഫ് നഴ്സിംഗ് എന്നിവരാണ് ഗാന്ധിഭവൻ സന്ദർശിച്ചത്.

എല്ലാവരേയും ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ സ്വീകരിച്ചു. ഗാന്ധിഭവൻ്റെ മുക്കും മൂലയും അടക്കം ആയിരത്തി അഞ്ഞുറോളം വരുന്ന അന്തേവാസികളേയും ഗാന്ധിഭവൻ്റെ പ്രകൃതി സൗന്ദര്യ സംവിധാനങ്ങളും ഇവരെ അത്ഭുതപ്പെടുത്തി. അമേരിക്കയിൽ നിന്നും ആരോഗ്യ പഠന വിദ്യാർഥികളെ ഗാന്ധിഭവനിലേക്ക് ഇൻ്റേൺഷിപ്പിനു വിടാനുള്ള തീരുമാനവും അവർ അറിയിച്ചു.

## PhotoCorner



## വര രുചി

പാച്ചൻ കൊട്ടിയം
9847943456




ഫ്യൂച്ചർ ഹോം മോഡലുകൾ
ബജറ്റിൽ തന്നെ സ്വന്തമാക്കാം
prime
BUILDERS & ARCHITECTS
വീട്
നിർമ്മാണത്തിലെ
വിപ്ലവം
നിർമ്മാണത്തിലെ വൈവിധ്യവും നൂതന സാങ്കേതിക വിദ്യയിലെ മികവും ക്വാളിറ്റി മെറ്റീരിയൽസിന്റെ ഉപയോഗവും മികച്ച തൊഴിലാളികളുടെ സേവനവും ദീർഘനാളത്തെ പരിചയം കൈമുതലാക്കിയ എഞ്ചിനീയേഴ്സിന്റെ മേൽനോട്ടവും ആധുനികതയും പൗരാണികതയും ഒരുമിച്ചും വെവ്വേറെയും ചാലിച്ച അത്യാകർഷകങ്ങളായ മോഡലുകളും അകത്തളങ്ങളിലെ ഭംഗിയും വീടിനുള്ളിലേക്ക് വായുവിന്റെയും വെളിച്ചത്തിന്റെയും പ്രവേശനവും സമയബന്ധിതമായ പൂർത്തീകരണവും കൈക്കൊതുങ്ങുന്ന ബഡ്ജറ്റുമാണ് ഏതൊരാളിന്റെയും വീടുനിർമ്മാണത്തിലെ സ്വപ്നങ്ങൾ.
ഈ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ
ഞങ്ങൾ നിങ്ങളോടൊപ്പമുണ്ട്.
15 വർഷത്തോളം ഗൾഫിലും, 14 വർഷത്തോളം ഇന്ത്യയിലും
കൊമേഴ്സ്യൽ റസിഡൻഷ്യൽ കെട്ടിടനിർമ്മാണമേഖലയിലും ഇന്റീരിയർ ഡെക്കറേഷനിലും
പരിചയസമ്പന്നരായ പ്രൈം ബിൽഡേഴ്സ് നിങ്ങളോടൊപ്പം എന്നും ഉണ്ടാകും.
prime
BUILDERS & ARCHITECTS
TRIVANDRUM | KOCHI | KOZHIKODE | CHENNAI | BANGALORE
3rd Floor, MG Corporate Building, Ulloor, Medical College PO, TVM 695 011
9745 144 222
വീടു നിർമ്മാണവുമായും ഭൂമി തിരഞ്ഞെടുക്കുന്നതിനെ സംബന്ധിച്ചുള്ളതും ഓരോതരം കെട്ടിടങ്ങൾക്കുമുള്ള പെർമിറ്റും കംപ്ലീഷനും എടുക്കുന്നതു സംബന്ധിച്ചുമുള്ള സംശയങ്ങൾക്കും പ്രൈം ബിൽഡേഴ്സിനെ ബന്ധപ്പെടാം. സൗജന്യ സേവനം ലഭ്യമാണ്.

RNI No. KERMAL/2007/28720
Gandhibhavan Sneharajyam (Malayalam Monthly)
Date of Publication: 15.08.2026. Vol. No. 21, Issue No. 04 Price ₹ 50




Printed, Published and owned by : PUNALUR SOMARAJAN, Gandhibhavan
Published at Gandhibhavan, Gandhiji Nagar, Kundayam P.O, Pathanapram, Kollam, Kerala-689695, Printed at Orange Printers Pvt. Ltd., TVM
Editor P.S AMALRAJ* (Editor responsible for Selection of Contents under PRB Act)